بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 33

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 ആഗസ്റ്റ് 14 • ഹി.ശം 1404 ളുഹൂർ 14 • ഹി:ഖ 1447 സഫർ 19


## അല്ലാഹുവിന്റെ വചനം

فَاِذَا قَضَیۡتُمۡ مَّنَاسِکَکُمۡ فَاذۡکُرُوا اللّٰہَ کَذِکۡرِکُمۡ اٰبَآءَکُمۡ اَوۡ اَشَدَّ ذِکۡرًا

(سورۃ البقرۃ:201)

അങ്ങനെ നിങ്ങളുടെ ആരാധനാകൃത്യങ്ങൾ നിർവഹിച്ചു കഴിഞ്ഞാൽ(മുമ്പേ)നിങ്ങളുടെ പൂർവപിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ അഥവാ അതിലുപരിയായി അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുവിൻ.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുതആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നഫ്ൽ അഥവാ ഐച്ഛികകർമങ്ങൾ മുഖേന മനുഷ്യൻ വളരെ വലിയ ദർജയും സാമീപ്യവും കരസ്ഥമാക്കുന്നു. അവസാനം അവർ അല്ലാഹുവിന്റെ വലിയ്യുമാരുടെ സംഘത്തിൽ പ്രവേശിക്കുന്നു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ﷺന്റെ ഉപദേശങ്ങൾ

ഓർമിച്ചുകൊള്ളുക, അല്ലാഹുവിനോടുള്ള സമ്പൂർണമായ സ്നേഹം നഫ്ൽ മുഖേന അഥവാ ഐച്ഛിക കർമങ്ങൾ മുഖേനതന്നെയാണ് ലഭിക്കുന്നത്. ഇതിന്റെ ഫലമെന്താണെന്നാൽ അല്ലാഹു പറയുന്നു, പിന്നീടു ഞാൻ അത്തരം ആത്മാർഥനും സത്യവിശ്വാസിയുമായ ദാസന്മാരുടെ ദൃഷ്ടിയായിത്തീരുന്നു. അതായത് എവിടെയാണോ ഞാനുദ്ദേശിക്കുന്നത് അവിടെ അവരുടെ ദൃഷ്ടി പതിയുന്നു. സത്യസന്ധൻ മരണത്തെ അഭയകേന്ദ്രമാക്കുകയില്ല. ദൈവത്തിൽ നിന്ന് അശ്രദ്ധനാകുകയുമില്ല.

അവയുടെ ചെവിയായിത്തീരുന്നു. ഇതു സൂചിപ്പിക്കുന്നത് എവിടെയാണോ അല്ലാഹുവിന്റേയും അല്ലെങ്കിൽ അവന്റെ റസൂലിന്റേയും അല്ലെങ്കിൽ അവന്റെ ഗ്രന്ഥത്തിന്റേയും അപമാനവും നിന്ദ്യതയുമുണ്ടാകുന്നത് അവിടെനിന്ന് ജാഗ്രതയോടും വെറുപ്പോടുംകൂടി എഴുന്നേറ്റു നിൽക്കുന്നു. അവനത് കേൾക്കാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ തൃപ്തിക്കും കൽപനയ്ക്കും വിരുദ്ധമായി ഏതെങ്കിലും കാര്യം വന്നാൽ കേൾക്കുകയില്ല. അത്തരം സദസ്സുകളിൽ ഇരിക്കുകയുമില്ല. അപ്രകാരംതന്നെ പാപത്തിന്റേയും അപരാധത്തിന്റേയും കാര്യങ്ങളിൽനിന്നും അവിശുദ്ധ കാഴ്ചകളിൽനിന്നും ശബ്ദങ്ങളിൽനിന്നും വിട്ടു നിൽക്കുന്നു. രക്തബന്ധമില്ലാത്ത സ്ത്രീകളുടെ ശബ്ദംകേട്ട് ചീത്ത വിചാരങ്ങളുണ്ടാകുന്നത് - **സനൽ ഉദുൻ** അഥവാ ചെവികൊണ്ടുള്ള വ്യഭിചാരമാണ് - അതുകൊണ്ടാണ് ഇസ്ലാം പർദാചാരം വെച്ചിട്ടുള്ളത്.

വ്യഭിചാര ദൃഷ്ടിയോടെ നോക്കരുതെന്ന് മസീഹ് ഈസാ പറഞ്ഞിട്ടുള്ളത് സമ്പൂർണമായ അധ്യാപനമല്ല. അതിനെതിരിലുള്ള സമ്പൂർണ അധ്യാപനം - അത് അടിസ്ഥാനപരമായ എല്ലാ ദോഷങ്ങളിൽനിന്നും രക്ഷിക്കുന്നതാണ് - **ഖുൽല്ലിൽ മുഅ്മിനീന യഗുള്ളു മിൻ അബ്സ്വാരിഹിം**(സത്യവിശ്വാസകളായ പുരുഷന്മാരോടു പറയുക, അവർ ഒരു ദൃഷ്ടികൊണ്ടും സ്ത്രീകളെ നോക്കരുത്). കാരണം മനസ്സ് നമ്മുടെ അധികാരത്തിലല്ല. ഇത് എത്രമാത്രം സമ്പൂർണമായ അധ്യാപനമാണ്.

വീണ്ടും പറയുന്നു: അവന്റെ കൈ ആയി മാറുന്നു. ചില നേരത്ത് മനുഷ്യൻ തന്റെ കൈകൊണ്ട് ഒരുപാട് ദയയില്ലായ്മ ചെയ്യുന്നു. അല്ലാഹു പറയുന്നു:സത്യവിശ്വാസിയുടെ കൈ അനാവശ്യമായ നിലയിൽ അതിരുവിട്ടു പോകുകയില്ല. അവർ രക്തബന്ധമില്ലാത്തവരെ തൊടുകയില്ല.

വീണ്ടും പറയുന്നു: അവരുടെ നാവായിത്തീരുന്നു. ഇതിലേക്കുള്ള സൂചനയാണ്, **മാ യൻത്വിഖു അനിൽഹവാ**(53:4)(അദ്ദേഹം സ്വേച്ഛയനുസരിച്ച് സംസാരിക്കുന്നുമില്ല). അതുകൊണ്ടാണ് റസൂൽﷺപറഞ്ഞത്, ഇത് അല്ലാഹുവിന്റെ നിർദേശമായിരുന്നു, അങ്ങയുടെ കൈകളെ സംബന്ധിച്ചാണ് പറഞ്ഞത്, **മാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ**(8:18) - നീ എറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത് പ്രത്യുത അല്ലാഹുവാണ് എറിഞ്ഞത് - ചുരുക്കിപ്പറഞ്ഞാൽ നഫ്ൽ അഥവാ ഐച്ഛികകർമങ്ങൾ മുഖേന മനുഷ്യൻ വളരെ വലിയ ദർജയും സാമീപ്യവും കരസ്ഥമാക്കുന്നു. അവസാനം അവർ അല്ലാഹുവിന്റെ വലിയ്യുമാരുടെ സംഘത്തിൽ പ്രവേശിക്കുന്നു. പിന്നീട് **മൻ ആദ ലീ വലിയ്യൻ ഫഖദ് ബാറസ്തുഹൂ ബിൽഹർബി** എന്നും പറഞ്ഞിട്ടുണ്ട്. ആരാണോ എന്റെ വലിയ്യുടെ ശത്രുവായിട്ടുള്ളത് ഞാൻ അവനോടു പറയുകയാണ്, ഇനി ഞാനുമായി യുദ്ധം ചെയ്യാൻ തയ്യാറായിക്കൊള്ളുവിൻ. ഹദീഥിൽ വന്നിരിക്കുന്നു, തന്റെ കുഞ്ഞിനെ എടുത്തുകൊണ്ടുപോയ ഒരുവന്റെമേൽ ചാടിവീഴുന്ന സിംഹിയെപ്പോലെ അല്ലാഹു ചാടി വിഴൂന്നതാണ്.

ചുരുക്കത്തിൽ മനുഷ്യൻ ചെയ്യേണ്ടത്, അവൻ ആ സ്ഥാനം കരസ്ഥമാക്കുന്നതിനുവേണ്ടി എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. മരണം എപ്പോൾ വരുമെന്ന് അറിയുകയില്ല. സത്യവിശ്വാസി ഒരിക്കലും അശ്രദ്ധനാകാതെ അല്ലാഹുവിനെ ഭയന്നുകൊണ്ടിരിക്കുന്നതാണ് ഉചിതം." *(മൽഫൂദാത്ത് വാള്യം 2, പേജ് 80 - 81, 2018 പതിപ്പ്, ഖാദിയാൻ)*

## ഭാവിയിൽ ഹിന്ദുസ്താനിലെ ഭാഷ ഉർദുവായിരിക്കും. മറ്റൊരു ഭാഷയ്ക്കും അതിനുമുന്നിൽ നില്ക്കാൻ കഴിയുകയില്ലെന്ന് പറയാവുന്നതാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺ സൂറ ഇബ്റാഹീമിലെ ആയത്ത് നമ്പർ 5 **വമാ അർസൽനാ മിൻ റസൂലിൻ ഇല്ലാ ബിലിസാനി ഖൗമിഹീ ലി യുബയ്യിന ലഹും ഫയുളില്ലുല്ലാഹു മൻ യുശാഉ വ യഹ്ദീ മൻയുശാഉ വഹുവൽ അസീസുൽ ഹക്കീം** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

**ഇല്ലാ ബിലിസാനി ഖൗമിഹീ** ഇതിന്, 'റസൂലിനുണ്ടാകുന്ന വഹ്‌യ് അദ്ദേഹത്തിന്റെ ഭാഷയിൽത്തന്നെ ഉണ്ടാകേണ്ടതാണ്' എന്ന അർഥമാണ് ചിലർ കൊടുത്തിരിക്കുന്നത്. പക്ഷേ, ഇത് ശരിയല്ല. അതേ, അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിൽ തീർച്ചയായും വെളിപാടുണ്ടാകേണ്ടതാണെന്ന അർഥം ശരിയാണ്. കാരണം അദ്ദേഹം തന്റെ ജനതയ്ക്കെത്തിക്കേണ്ടതായ സന്ദേശം മറ്റു ഭാഷകളിലാണെങ്കിൽ അതിന്റെ പ്രബോധനം അദ്ദേഹത്തിന് പ്രയാസകരമായിരിക്കും. എന്നാൽ, അടയാളവും മുഅ്ജിസത്തും എന്ന നിലയിൽ മറ്റു ഭാഷകളിൽ ഇൽഹാം ഉണ്ടാകുകയാണെങ്കിൽ അതിന് കുഴപ്പമൊന്നുമില്ല.

ചിലയാളുകൾ ഹദ്റത്ത് മസീഹ് മൗഊദ്ﷺനുണ്ടായ ഇൽഹാമുകളിന്മേൽ ഈ ആയത്ത് ഉദ്ധരിച്ച് ആക്ഷേപം ഉന്നയിക്കാറുണ്ട്. വാസ്തവത്തിൽ അറബിയും ഉർദുവും കൂടാതെ അദ്ദേഹത്തിന് ഏതെല്ലാം ഭാഷയിലാണോ ഇൽഹമുണ്ടായിട്ടുള്ളത് അത് അടയാളവും മുഅ്ജിസത്തും എന്ന നിലയിലാണ്. അറബിയിൽ അദ്ദേഹത്തിന് ഇൽഹാമുണ്ടായത് അത് ഇസ്ലാമിന്റെ മതഭാഷയായതുകൊണ്ടാണ്. ഇപ്രകാരം തന്നെ മുസ്‌ലിമീങ്ങളുടെ ദേശീയ ഭാഷയുമാണ്. ഉർദുവിലുണ്ടായത് അദ്ദേഹത്തിന്റെ ആദ്യ സംബോധിതർ ഉർദുക്കാരായിരുന്നതുകൊണ്ടാണ്. നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ ഇൽഹാമുകളുടെ അടിസ്ഥാനപരമായ ഭാഗം മുഴുവനും അറബിയിലോ ഉർദുവിലോ ആണെന്ന് കാണാം. മറ്റു

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്വ്ബ ജുമുഅ

**‘ജനങ്ങളേ! അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം, സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ച ദിവസം, സ്വഫാ, മർവാ എന്നീ രണ്ട് മലകൾ നാട്ടിയ ദിവസം മുതൽ മക്കയെ ഹറം (പുണ്യസ്ഥലം) ആക്കിയിരിക്കുന്നു. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവന് ഇവിടെ രക്തം ചിന്തുന്നതും ഇവിടെയുള്ള മരങ്ങൾ മുറിക്കുന്നതും അനുവദനീയമല്ല. ഇത് എനിക്ക് മുമ്പേയുള്ള ആർക്കും അനുവദനീയമായിരുന്നില്ല, എന്റെ ശേഷമുള്ള ആർക്കും അനുവദനീയമായിരിക്കുകയുമില്ല. എനിക്കിത് ഒരു സമയത്തേക്കു മാത്രം അനുവദനീയമായി. പിന്നീട് ഇതിന്റെ പവിത്രത ഇന്നലെയുണ്ടായിരുന്നതുപോലെതന്നെ തിരികെ വന്നിരിക്കുന്നു. നിങ്ങളിൽ ഇവിടെ ഹാജറുള്ളവർ ഹാജറില്ലാത്തവർക്ക് ഈ സന്ദേശമെത്തിച്ചുകൊടുക്കട്ടെ. റസൂലുല്ലാഹിﷺ ഇവിടെ യുദ്ധം ചെയ്തുവെന്ന് ആരെങ്കിലും പറഞ്ഞാൽ അവരോടു പറയുക: അല്ലാഹു ഇത് തന്റെ റസൂലിന് അനുവദനീയമാക്കിയിരുന്നു, നിങ്ങൾക്കത് അനുവദനീയമാക്കിയിട്ടില്ല. ജനങ്ങളേ! അല്ലാഹുവിന്റെ കാര്യത്തിൽ ജനങ്ങളിലേറ്റവും ധാർഷ്ട്യം കാണിക്കുന്നവൻ ഹറമിൽ വെച്ച് കൊലപാതകം നടത്തുകയോ അല്ലെങ്കിൽ തന്റെ കൊലപാതകിയല്ലാത്ത മറ്റൊരാളെ കൊല്ലുകയോ അല്ലെങ്കിൽ അജ്ഞാന കാലത്തെ രക്തത്തിന് പകരം വീട്ടാനായി കൊലപാതകം നടത്തുകയോ ചെയ്യുന്ന വ്യക്തിയാണ്.**

**ദൈവസന്നിധാനത്തുനിന്ന് വ്യക്തമായ കൽപ്പന ലഭിച്ച ഏതാനും പേർക്കു മാത്രമാണ് ശിക്ഷ നല്കിയത്. അല്ലാഹു ആരെക്കുറിച്ചെല്ലാമായിരുന്നോ വ്യക്തമായി പറഞ്ഞത്, ആ ചില ശപ്തരൊഴികെ എല്ലാ ശത്രുക്കളുടെയും കുറ്റങ്ങൾ ക്ഷമിച്ചു.(ഹദ്റത്ത് മസീഹ് മൗഊദ്ؑ)**

**ഖുത്ബ ജുമുഅ 2025 ജൂലൈ 11, 1404 വഫാ 11, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ്യ, സൂറത്തുൽ ഫാത്തിഹ പാരായണം ചെയ്തതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: കഴിഞ്ഞ ഖുത്ബയിൽ സൂചിപ്പിച്ചതുപോലെ, കഅ്ബയുടെ താക്കോൽ ഉഥ്മാൻ ബിൻ ത്വൽഹയുടെ കൈയിലായിരുന്നു. മക്കാവിജയമുണ്ടായപ്പോൾ ആ നേരത്ത് ഹദ്റത്ത് അലിؓസിചായഃ അഥവാ സംസം വെള്ളം കുടിപ്പിക്കുന്ന ബഹുമതിയോടൊപ്പം താക്കോൽ സൂക്ഷിപ്പിന്റെ ബഹുമതിയും കരസ്ഥമാക്കാൻ അപേക്ഷിച്ചു; അതായത് ഇനി താക്കോൽ അദ്ദേഹത്തിന് കൊടുക്കാൻ. പക്ഷേ, നബിﷺതിരുമേനി കഅ്ബയിൽ നിന്നിറങ്ങുമ്പോൾ ഉഥ്മാൻ ബിൻ ത്വൽഹയെ വിളിക്കുകയും അദ്ദേഹത്തിന് താക്കോൽ തിരികെ കൊടുക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: **അൽ യൗമു യൗമു ബിർറിൻ വ വഫാഇൻ.** ഇന്ന് നന്മയുടേയും പ്രതിജ്ഞ പാലനത്തിന്റേയും ദിവസമാണ്.

അന്ന് ഉഥ്മാൻ ബിൻ ത്വൽഹؓമുസ്‌ലിമായി കഴിഞ്ഞിരുന്നു. നബിﷺതിരുമേനി ഇതെന്തിനാണ് പറഞ്ഞത്? അതിന്റെ വിശദീകരണം ഇപ്രകാരമാണ്: “നബിﷺതിരുമേനി ഹിജ്റത്തിന് മുമ്പേ ഒരുതവണ ഉഥ്മാൻ ബിൻ ത്വൽഹയോടു കഅ്ബയുടെ താക്കോൽ ചോദിച്ചിരുന്നു. അപ്പോൾ അദ്ദേഹം നബിﷺ തിരുമേനിയെ ശകാരിക്കുകയും വളരെ മോശമായ ഭാഷ ഉപയോഗിക്കുകയും ചെയ്തു. നബിﷺ തിരുമേനി അന്ന് അങ്ങേയറ്റം ക്ഷമയോടെ പെരുമാറുകയും ഇപ്രകാരം പറയുകയും ചെയ്തു: **യാ ഉഥ്മാനു ലഅല്ലക്ക സതറാഹാദൽമിഫ്താഹ യൗമൻ ബിയദീ അള്ളഹു ഹയ്ഥു ശിഅ്തു** “ഉഥ്മാനേ! ഓർക്കുക, ഈ താക്കോൽ എന്നെങ്കിലും എന്റെ കൈയിലെത്തും. അപ്പോൾ ഞാനുദ്ദേശിക്കുന്നവർക്ക് ഇത് നല്കുന്നതായിരിക്കും.” അന്ന് ഉഥ്മാൻ ഇപ്രകാരം മറുപടി നല്കി: “അങ്ങനെ ഒരു സമയം വന്നാൽ അത് ഖുറയ്ശികളുടെ നാശത്തിന്റെയും നിന്ദ്യതയുടെയും സമയമായിരിക്കും.” അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: **ബൽ അമറത്ത് വ ഉസ്സത്ത് യൗമഇദിൻ** അങ്ങനെയല്ല. പ്രത്യുത ആ നേരത്ത് ഖുറയ്ശികളുടെ ആധിക്യവും അന്തസ്സും ആദരവുമായിരിക്കും.

നബിﷺതിരുമേനിക്ക് തന്നോടുചെയ്ത അതിക്രമങ്ങളെല്ലാം അന്ന് ഓർമവന്നിരുന്നു. എന്നിരുന്നാലും, ആ മഹാത്മാവ് അവരോടു കാരുണ്യവും ദയയും കാണിച്ചു. മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ ത്വൽഹ പറയുന്നു:‘ജാഹിലിയ കാലഘട്ടത്തിൽ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഞങ്ങൾ കഅ്ബ തുറക്കാറുണ്ടായിരുന്നു. ഒരു ദിവസം നബിﷺതിരുമേനി ആഗതരായി. ഏതാനും ആളുകളോടൊപ്പം കഅ്ബയിൽ പ്രവേശിക്കാനാഗ്രഹിച്ചു. അപ്പോൾ ഞാൻ നബിﷺ തിരുമേനിയോടു പരുഷമായി സംസാരിച്ചു. എന്നാൽ, ആ മഹാത്മാവ് വളരെ സൗമ്യമായി സംസാരിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു: “ഉഥ്മാനേ! ഒരു ദിവസം ഈ താക്കോൽ നീ എന്റെ കയ്യിൽ കാണുമാറാകും. ഞാനുദ്ദേശിക്കുന്നവർക്ക് ഇത് നല്കുകയും ചെയ്യും.”

ഇന്നേ ദിവസം ഇക്കാര്യങ്ങളെല്ലാം ഉഥ്മാന് ഓർമ വന്നിട്ടുണ്ടായിരിക്കും. നബിﷺതിരുമേനിയും ആ ദിവസം മറന്നിട്ടുണ്ടായിരിക്കുകയില്ല. എന്നിരുന്നാലും ആ മഹാത്മാവ് അദ്ദേഹത്തോടു പറഞ്ഞു: ‘ഉഥ്മനേ! നിന്റെ താക്കോൽ നിന്റെ നിയന്ത്രണത്തിൽ വെക്കുക.’ എന്നിട്ടും നബിﷺ തിരുമേനി അദ്ദേഹത്തോടു ഇതുതന്നെ പറഞ്ഞു: “താക്കോൽ എടുത്തുകൊള്ളുക. ഞാൻ നിനക്കു ഇന്ന് അതു തരുന്നു. ഇന്ന് നന്മയുടേയും വാഗ്ദാന പാലനത്തിന്റേയും ദിവസമാണ്. ഈ താക്കോൽ എന്നെന്നേക്കുമായി എടുത്തുകൊള്ളുക. നിന്നിൽനിന്ന് അക്രമി മാത്രമേ ഇത് തട്ടിപ്പറിച്ചെടുക്കുകയുള്ളൂ.”*(സീറത്തുന്നബി ﷺ, ഡോക്ടർ സ്വാലാബീ, വാള്യം 3, പേജ് 415-416 ദാറുസ്സലാം) (താരീഖുൽ ഖുമയ്സ് വാള്യം 2, പേജ് 482, 48-488, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇത് താങ്കളുടെ കുടുംബത്തിന്റെ കൈയിലിരിക്കും. അങ്ങനെ ഇന്നേവരെ കഅ്ബ മന്ദിരത്തിന്റെ താക്കോൽ ആ കുടുംബത്തിൽ തലമുറ തലമുറയായി കൈമാറി വരുന്നു.

നിവേദനത്തിലുണ്ട്, മക്കാവിജയത്തിന്റെ രണ്ടാം ദിവസം ബനുഖുസാഅ, ബനു ഹുദയ്‌ലിൽപ്പെട്ട ഒരു മുശ്‌രിക്കിനെ അഥവാ അന്യാരാധകനെ കൊന്നു. അപ്പോൾ റസൂലുല്ലാഹിﷺ ളുഹ്ർ നമസ്കാരശേഷം പ്രസംഗിക്കാനെഴുന്നേറ്റു. ആ മഹാത്മാവ് തന്റെ പുറം കഅ്ബയോടുചേർത്തു വച്ച് അവിടെ ചാരി നിൽക്കുകയായിരുന്നു. ഒരു നിവേദനപ്രകാരം, ആ മഹാത്മാവ് തന്റെ ഒട്ടകപ്പുറത്ത് കയറുകയും അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്തശേഷം ഇപ്രകാരം പറഞ്ഞു: ‘ജനങ്ങളേ! അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം, സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ച ദിവസം, സ്വഫാ, മർവാ എന്നീ രണ്ട് മല

കൾ നാട്ടിയ ദിവസം മുതൽ മക്കയെ ഹറം (പുണ്യസ്ഥലം) ആക്കിയിരിക്കുന്നു. ആളുകളല്ല ഇതിനെ ഹറം ആക്കിയത്.' ആ മഹാത്മാവ് പറഞ്ഞു: 'ഇതിനെ ജനങ്ങളല്ല ഹറമാക്കിയത്, മറിച്ച് അല്ലാഹുവാണ് ഹറമാക്കിയത്. ഇതു അന്ത്യനാൾവരെ ഹറം തന്നെയാണ്. അതിനാൽ, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവന് ഇവിടെ രക്തം ചിന്തുന്നതും ഇവിടെയുള്ള മരങ്ങൾ മുറിക്കുന്നതും അനുവദനീയമല്ല. ഇത് എനിക്ക് മുമ്പേയുള്ള ആർക്കും അനുവദനീയമായിരുന്നില്ല, എന്റെ ശേഷമുള്ള ആർക്കും അനുവദനീയമായിരിക്കുകയുമില്ല. എനിക്കിത് ഒരു സമയത്തേക്കു മാത്രം അനുവദനീയമായി. പിന്നീട് ഇതിന്റെ പവിത്രത ഇന്നലെയുണ്ടായിരുന്നതുപോലെതന്നെ തിരികെ വന്നിരിക്കുന്നു. നിങ്ങളിൽ ഇവിടെ ഹാജറുള്ളവർ ഹാജറില്ലാത്തവർക്ക് ഈ സന്ദേശമെത്തിച്ചുകൊടുക്കട്ടെ. റസൂലുല്ലാഹിﷺഇവിടെ യുദ്ധം ചെയ്തുവെന്ന് ആരെങ്കിലും പറഞ്ഞാൽ അവരോടു പറയുക: അല്ലാഹു ഇത് തന്റെ റസൂലിന് അനുവദനീയമാക്കിയിരുന്നു, നിങ്ങൾക്കത് അനുവദനീയമാക്കിയിട്ടില്ല. ജനങ്ങളേ! അല്ലാഹുവിന്റെ കാര്യത്തിൽ ജനങ്ങളിലേറ്റവും ധാർഷ്ട്യം കാണിക്കുന്നവൻ ഹറമിൽ വെച്ച് കൊലപാതകം നടത്തുകയോ അല്ലെങ്കിൽ തന്റെ കൊലപാതകിയല്ലാത്ത മറ്റൊരാളെ കൊല്ലുകയോ അല്ലെങ്കിൽ അജ്ഞാന കാലത്തെ രക്തത്തിന് പകരം വീട്ടാനായി കൊലപാതകം നടത്തുകയോ ചെയ്യുന്ന വ്യക്തിയാണ്.

ഓ ബനു ഖുസാഅ! കൊലപാതകത്തിൽനിന്ന് നിങ്ങളുടെ കൈകൾ പിൻവലിക്കുക. നിങ്ങൾ ഒരു വ്യക്തിയെ കൊന്നിരിക്കുന്നു. ഞാൻ അതിന്റെ ദിയാധനം നല്കാം. ആ മഹാത്മാവ് പറഞ്ഞു: ഞാൻ ഇപ്പോൾ അതിന്റെ ദിയാധനം നല്കാം, ഇതൊരു ഉടമ്പടിയാണ്. എന്റെ ജാമ്യത്തിനുശേഷം ആരെങ്കിലും ഒരാളെ കൊന്നാൽ അവന്റെ ബന്ധുക്കൾക്ക് മുമ്പിലുള്ളത് രണ്ട് കാര്യങ്ങളാണ്. 'അവർക്ക് വേണമെങ്കിൽ ദിയാധനം വാങ്ങാം അല്ലെങ്കിൽ അവനെ വധിക്കാം.' പിന്നീട് നബിﷺതിരുമേനി ബനൂഖുസാഅ കൊന്ന ആ വ്യക്തിയുടെ ദിയാധനം നൂറ് ഒട്ടകം നല്കി. അവർക്കുവേണ്ടി അവിടന്ന് ദിയാധനം നല്കി.'*(സുബുലുൽഹുദാ, വാള്യം 5, പേജ് 256-257, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

അതേ ദിവസങ്ങളിലാണ് നബിﷺതിരുമേനിയെ വധിക്കാനുള്ള ഫളാല ബിൻ ഉമയ്റിന്റെ ഗൂഢപദ്ധതിയും വെളിപ്പെട്ടത്. അതിന്റെ വിശദീകരണങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: മക്കാവിജയദിനത്തിൽ, ഉള്ളിൽ ദുഃഖംപേറി നിസ്സഹായരായിരുന്ന ധാരാളമാളുകളുണ്ടായിരുന്നു. അതുകൊണ്ടാണ് ഇക്‌രിമ തുടങ്ങിയ മക്കയിലെ ധീരരായ ചില യുവാക്കൾ ഔദ്യോഗികമായി ഒരു പദ്ധതിയിട്ട് ഒരിടത്തുനിന്ന് സായുധപ്രതിരോധം തീർത്തത്. ഇതേ ചിന്താഗതിക്കാരായവരിൽ ഒരാൾ ഫളാല ബിൻ ഉമയ്റുമായിരുന്നു. അദ്ദേഹം പറയുന്നു: "നബിﷺതിരുമേനി കഅ്ബ ത്വവാഫ് ചെയ്തുകൊണ്ടിരുന്നപ്പോൾ ഞാനും ആ ജനക്കൂട്ടത്തിൽ കയറിക്കൂടി. ഞാൻ വിചാരിച്ചത് നബിﷺതിരുമേനിയുടെ അടുത്തെത്തുമ്പോൾ എന്റെ കഠാരകൊണ്ട് രഹസ്യമായി ആക്രമിച്ച് നബിﷺതിരുമേനിയെ (നഊദുബില്ലാഹ്) വധിക്കാമെന്നായിരുന്നു. അദ്ദേഹം ഈ ഉദ്ദേശ്യത്തോടെ ആ മഹാത്മാവിന്റെ പിന്നാലെ കൂടി. അദ്ദേഹം അടുത്തെത്തിയപ്പോൾ, ആ മഹാത്മാവ് അയാളെ നോക്കിയിട്ട് നീയാണോ ഫളാല എന്ന് ചോദിച്ചു. അയാൾ പറഞ്ഞു: അതെ. ആ മഹാത്മാവ് ചോദിച്ചു: മനസ്സിലെന്താണ് വിചാരിച്ചിട്ടുള്ളത്? അയാൾ പറഞ്ഞു: ഞാൻ അല്ലാഹുവിനെ സ്മരിക്കുകയാണ്. അദ്ദേഹം കള്ളം പറയുകയായിരുന്നു. അപ്പോൾ ആ മഹാത്മാവ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "അല്ലാഹുവിനോടു ഇസ്തിഗ്ഫാർ അഥവാ പാപമോചനം തേടുക. ആ മഹാത്മാവ് പറഞ്ഞു: 'നീ പറഞ്ഞതല്ല വിചാരിച്ചുകൊണ്ടിരിക്കുന്നത്. നബിﷺതിരുമേനി അദ്ദേഹത്തിന്റെ അടുത്തുവന്ന് അദ്ദേഹത്തിന്റെ നെഞ്ചിൽ കൈവച്ചു.

ഫളാല പറയുന്നു: 'അല്ലാഹുവാണെ സത്യം! നബിﷺതിരുമേനി എന്റെ നെഞ്ചിൽനിന്ന് കൈമാറ്റുന്നതിനു മുമ്പേ ലോകത്ത് എനിക്കേറ്റവും പ്രിയങ്കരൻ മുഹമ്മദ് ﷺആയി മാറിയിരുന്നു. അദ്ദേഹം തന്റെ വീട്ടുകാരിലേക്ക് തിരിച്ചുപോയി.*(സുബുലുൽഹുദാ(മുത്തർറജിം)വാള്യം 5, പേജ് 232,സാവിയ പബ്ലിഷേഴ്സ് ലാഹോർ)(താരീഖുൽഖുമയ്സ്, ബാശമീൽ, വാള്യം 2, പേജ് 487, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ, വാള്യം 9, പേജ് 170, ബസം ഇഖ്ബാൽ ലാഹോർ)(ഫത്ഹെ മക്ക, ബാശമീൽ പേജ് 241,242, നഫീസ് അക്കാഡമി കറാച്ചി)*

ദുരുദ്ദേശ്യത്തോടെയായിരുന്നു അദ്ദേഹം പോയതെങ്കിലും അതിനുശേഷം അദ്ദേഹത്തിൽ വിപ്ലവാത്മകമായ മാറ്റമാണുണ്ടായത്.

അതേ ദിവസങ്ങളിൽത്തന്നെയാണ് ഹദ്റത്ത് അബൂബക്ർؓന്റെ പിതാവിന്റെ ഇസ്‌ലാംമത മാറ്റത്തെക്കുറിച്ചും പരാമർശമുള്ളത്. ഹദ്റത്ത് അബൂബക്ർؓന്റെ പിതാവ് മക്കാവിജയംവരെയും വിശ്വാസം കൈക്കൊണ്ടിരുന്നില്ല. അന്ന് അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെട്ടിരുന്നു. മക്കാവിജയ സമയത്ത് നബിﷺതിരുമേനി ഹറമിൽ പ്രവേശിച്ചപ്പോൾ, ഹദ്റത്ത് അബൂബക്ർؓ തന്റെ പിതാവിനെയും കൂട്ടി നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് അദ്ദേഹത്തെ കണ്ടപ്പോൾ ഇപ്രകാരം ചോദിച്ചു:'അബൂബക്റേ! ഈ പ്രായംചെന്ന വ്യക്തിയെ നിങ്ങൾക്ക് വീട്ടിൽത്തന്നെ നിറുത്താമായിരുന്നില്ലേ. ഇത്രയും പ്രായംചെന്ന ഒരാളെ എന്റെയടുത്ത് കൊണ്ടുവരേണ്ടിയിരുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ അടുത്തുവരുമായിരുന്നു.' അപ്പോൾ ഹദ്റത്ത് അബൂബക്ർؓപറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങ് ഇദ്ദേഹത്തിന്റെ അടുത്ത് പോകാനല്ല പ്രത്യുത ഇദ്ദേഹമാണ് അങ്ങയുടെ അടുക്കൽ ഹാജരാകാൻ കൂടുതൽ ബാധ്യസ്ഥൻ.' ഹദ്റത്ത് അബൂബക്ർؓഅദ്ദേഹത്തെ നബിﷺതിരുമേനിയുടെ മുന്നിലിരുത്തി. അപ്പോൾ ആ മഹാത്മാവ് അദ്ദേഹത്തിന്റെ നെഞ്ചിൽ കൈവച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ഇസ്‌ലാം സ്വീകരിക്കുക, താങ്കൾക്ക് സമാധാനമുണ്ടാകും.' അങ്ങനെ ഹദ്റത്ത് അബൂബക്റിന്റെ പിതാവ് ഇസ്‌ലാംമതം സ്വീകരിച്ചു. *(അൽഅസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 4, പേജ് 374-375, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(സുബുലുൽഹുദാ വാള്യം 5, പേജ് 232-233, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഉമ്മു ഹാനിയുടെؓവീട്ടിൽ നബിﷺതിരുമേനി ഭക്ഷണം കഴിച്ചതിനെക്കുറിച്ചും ഒരു പരാമർശമുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസിؓൽ നിന്ന് നിവേദനം: നബിﷺതിരുമേനി മക്കാവിജയ ദിവസം ഹദ്റത്ത് ഉമ്മുഹാനിؓയോടു ചോദിച്ചു: നമുക്ക് കഴിക്കാൻ എന്തെങ്കിലും ഭക്ഷണം നിങ്ങളുടെ പക്കലുണ്ടോ? അവർ പറഞ്ഞു: 'ഉണങ്ങിയ റൊട്ടിക്കഷണങ്ങളല്ലാതെ മറ്റൊന്നുമില്ല, താങ്കളുടെ മുന്നിൽ അത് സമർപ്പിക്കാൻ എനിക്ക് ലജ്ജ തോന്നുന്നു.'നബിﷺതിരുമേനിപറഞ്ഞു: 'അതുതന്നെ കൊണ്ടുവരിക. നബിﷺതിരുമേനി അവ വെള്ളത്തിൽ കുതിർത്തു. അവർ അല്പം ഉപ്പും കൊണ്ടുവന്നു. നബിﷺതിരുമേനി ചോദിച്ചു: എന്തെങ്കിലും കറിയുണ്ടോ? അവർ പറഞ്ഞു: യാ റസൂലല്ലാഹ്, എന്റെ പക്കൽ വിനാഗിരിയല്ലാതെ മറ്റൊന്നുമില്ല. നബിﷺതിരുമേനി പറഞ്ഞു: വിനാഗിരി കൊണ്ടുവരിക. അവിടന്ന് അത് ഭക്ഷണത്തിൽ ഒഴിക്കുകയും അതിൽനിന്ന് കഴിക്കുകയും അല്ലാഹുവിന് നന്ദി പറയുകയും ചെയ്തു. പിന്നീട് നബിﷺതിരുമേനി പറഞ്ഞു: 'വിനാഗിരി എത്ര നല്ല കറിയാണ്! ഉമ്മുഹാനീ!ഏതുവീട്ടിലാണോ വിനാഗിരിയുള്ളത് ആ വീട് ദരിദ്രമായിരിക്കില്ല.'*(സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 235, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*. ഇത് അങ്ങേയറ്റത്തെ നന്ദി പ്രകടനമാണ്. ഒപ്പം ഉമ്മു ഹാനീയെ സമാധാനിപ്പിക്കുകയും ചെയ്തു. മക്കാവിജയിയുടെ അവസ്ഥയായിരുന്നിത്. എല്ലാം ലഭ്യമായിരുന്നിട്ടും, നബിﷺതിരുമേനി ആ ഉണങ്ങിയ റൊട്ടിക്കഷണങ്ങളിൽ സംതൃപ്തനായി.

നബിﷺതിരുമേനി മക്കയിലെത്തിയതും അവിടെയുള്ള എല്ലാ കാര്യങ്ങളെയും, പ്രത്യേകിച്ച് കഅ്ബയെ സ്നേഹത്തോടെ നോക്കിയതും അൻസ്വാറിന്റെ മനസ്സിൽ നബിﷺതിരുമേനി അവിടെത്തന്നെ സ്ഥിരതാമസമാക്കുമോ എന്ന ആശങ്കകൾ ഉളവാക്കി. ഇശ്ഖസ്ത് ഹസാർ ബദ്ഗുമാനി (സ്നേഹത്തിന് ആയിരം സംശയങ്ങളാണ്)എന്നൊരു ചൊല്ലുണ്ട്. സ്നേഹമുണ്ടാകുമ്പോൾ അതിനൊപ്പം സംശയങ്ങളും ആശങ്കകളുമുണ്ടാകും. സ്നേഹി എല്ലാ സമയത്തും തന്റെ സ്നേഹിതരെക്കുറിച്ച് ആശങ്കാകുലനായിരിക്കും. മക്കാവിജയ വേളയിൽ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ധാരാളം രംഗങ്ങളുണ്ടായി. അതിലൊന്ന് മദീനയിലെ അൻസ്വാറിന്റെ ഭാഗത്തുനിന്നുള്ള വളരെ പരിശുദ്ധവും ആനന്ദപ്ര

ദാനവുമായ കാഴ്ചയായിരുന്നു. ഹദ്റത്ത് അബൂഹുറയ്റയിൽؓനിന്ന് നിവേദനം: നബിﷺതിരുമേനി മക്കയിൽ പ്രവേശിച്ചു. നബിﷺതിരുമേനി ഹജറുൽ അസ്‌വദിന്റെ അടുത്തുവന്ന് അതിനെ ചുംബിച്ചു(ഇസ്തിലാം ചെയ്തു). പിന്നീട് ബയ്ത്തുല്ലായെ ത്വവാഫ് ചെയ്തു. പിന്നീട് സഫാ മലയിൽ കയറി. അവിടെനിന്ന് ബയ്ത്തുല്ലായെ നോക്കിക്കൊണ്ട് ഇരുകൈകളുമുയർത്തി, അല്ലാഹു ഉദ്ദേശിച്ച അത്രയും സമയം ദൈവസ്മരണ നടത്തുകയും അവനോട് പ്രാർഥിക്കുകയും ചെയ്തു. അൻസ്വാർ നബിﷺതിരുമേനിയുടെ താഴെയായിരുന്നു. നബിﷺതിരുമേനി പ്രാർഥിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്തു, അവനുദ്ദേശിച്ചത്രയും പ്രാർഥിച്ചു. *(സുനൻദാവൂദ്, കിതബുൽ മനാസിക്, ഹദീഥ് 1872)*

നബിﷺതിരുമേനിയുടെ തിരക്കുകളും മക്കയിലെ നിവാസികളോടുള്ള അത്ഭുതകരമായ സത്പെരുമാറ്റവും കണ്ട് അൻസ്വാർ ചിന്താകുലരായി. അവർ പരസ്പരം പറഞ്ഞു: നബിﷺതിരുമേനിയക്ക് സ്വദേശത്തോടും സ്വഗോത്രത്തോടുമുള്ള സ്നേഹം മേൽക്കൈ നേടിയിരിക്കുന്നു, ഒരുപക്ഷേ, ഇപ്പോൾ നബിﷺതിരുമേനി സ്വന്തം നാട്ടിൽ, തന്റെ പ്രിയപ്പെട്ട ബന്ധുക്കളുടെകൂടെ സ്ഥിരതാമസമാക്കിയേക്കാം. നബിﷺതിരുമേനിയിൽ നിന്നുള്ള വേർപാടിനെക്കുറിച്ച് ചിന്തിച്ചപ്പോൾ അവർ അതീവദുഃഖിതരായി. ഹദ്റത്ത് അബൂഹുറയ്റؓപറയുന്നു: ‘അൻസ്വാറിന്റെ ഈ അവസ്ഥയിൽ, നബിﷺതിരുമേനിയ്ക്കുമേൽ വഹ്‌യ് (ദിവ്യബോധനം) ഇറങ്ങി. വഹ്‌യ് വരുമ്പോൾ ഞങ്ങൾക്കു മനസ്സിലാകുമായിരുന്നു. ആ സമയത്ത് അത് കഴിയുന്നതുവരെ ഞങ്ങളിൽ ആരും നബിﷺതിരുമേനിﷺയ്ക്കുനേരെ നോക്കാൻ ധൈര്യപ്പെട്ടിരുന്നില്ല, വഹ്‌യ് അവസാനിച്ചപ്പോൾ, നബിﷺതിരുമേനി പറഞ്ഞു: ഓ അൻസ്വാർ സംഘമേ! അവർ പറഞ്ഞു: യാ റസൂലല്ലാഹ്, ഞങ്ങൾ സന്നിഹിതരാണ്. നബിതിരുമേനി ചോദിച്ചു: ഈ വ്യക്തിക്ക് സ്വദേശസ്നേഹം മേൽക്കൈ നേടിയിരിക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കുകയായിരുന്നോ? അവർ പറഞ്ഞു: അതെ. നബിﷺതിരുമേനി പറഞ്ഞു: അങ്ങനെയാണെങ്കിൽ എന്റെ പേരെന്തായിരിക്കും? ഞാൻ മുഹമ്മദാണ്, അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലുമാണ്. ഞാൻ അല്ലാഹുവിനുവേണ്ടി നിങ്ങളിലേക്ക് ഹിജ്റത്ത് ചെയ്തു. ഇനി എന്റെ ജീവിതമരണങ്ങൾ നിങ്ങളുടെ കൂടെയാണ്. അപ്പോൾ അവർ അനിയന്ത്രിതരായി കരഞ്ഞുകൊണ്ട് നബിﷺതിരുമേനിയെ സമീപിച്ചു. എന്നിട്ട് പറഞ്ഞു: അല്ലാഹുവാണെ സത്യം! ഞങ്ങൾ എന്തൊക്കെ പറഞ്ഞോ അതെല്ലാം അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള കഠിനമായ സ്നേഹവും അങ്ങയിൽ നിന്നുള്ള വേർപാടിനെക്കുറിച്ചുള്ള ഭയവും കാരണമായിരുന്നു. റസൂലുല്ലാഹ് ﷺ പറഞ്ഞു: ‘തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും നിങ്ങളുടെ ഈ വാക്ക് സത്യപ്പെടുത്തുന്നു, നിങ്ങളുടെ ഒഴികഴിവ് സ്വീകരിക്കുന്നു.’*(സ്വഹീഹ് മുസ്‌ലിം(മുത്തർറജിം) കിതാബുൽ ജിഹാദി വസ്സയ്ർ, ബാബു ഫത്ഹ്മക്ക, വാല്യം 9, പേജ് 185-189, ഹദീഥ്3317-3318)*

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഇപ്രകാരം വിവരിക്കുന്നു:

നബിﷺതിരുമേനിയുടെ കഅ്ബാ സന്ദർശനവുമായി ബന്ധപ്പെട്ട് ആരാധനകളിൽ മുഴുകുകയും തന്റെ ജനങ്ങളോടു പൊറുമയും കാരുണ്യവും പ്രകടിപ്പിക്കുകയും ചെയ്തപ്പോൾ, അൻസ്വാറിന്റെ ഹൃദയങ്ങളിൽ ആശങ്കകൾ നിറഞ്ഞു. അവർ പരസ്പരം ആംഗ്യങ്ങളിലൂടെ പറഞ്ഞു: ‘ഒരുപക്ഷേ, ഇന്ന് നമ്മൾ അല്ലാഹുവിന്റെ ദൂതനെ നമ്മളിൽനിന്ന് വേർപെടുത്തുകയായിരിക്കും. കാരണം അല്ലാഹു ആ മഹാത്മാവിന്റെ കൈകളാൽ സ്വന്തംനാട് വിജയിപ്പിച്ചിരിക്കുന്നു, സ്വന്തം ഗോത്രക്കാരും ആ മഹാത്മാവിൽ വിശ്വസിച്ചിരിക്കുന്നു. ആ നേരത്ത്, അല്ലാഹു വെളിപാടു മുഖേന അല്ലാഹുവിന്റെ റസൂൽ മുഹമ്മദ് ﷺയെ അൻസ്വാറിന്റെ ഈ സംശയങ്ങളെക്കുറിച്ച് വിവരം നല്കി. നബിﷺതിരുമേനി തലയുയർത്തി അൻസ്വാറിനെ നോക്കിക്കൊണ്ടു പറഞ്ഞു: ‘അൻസ്വാറേ! മുഹമ്മദ് റസൂലുല്ലായെﷺ തന്റെ നഗരത്തോടുള്ള സ്നേഹം അലട്ടുന്നുണ്ടാകുമെന്നും തന്റെ ഗോത്രത്തോടുള്ള സ്നേഹം തന്റെ ഹൃദയത്തിൽ കുളിരു കോരിയിടുന്നുണ്ടാകുമെന്നും നിങ്ങൾ കരുതുന്നുണ്ടോ? അൻസ്വാർ പറഞ്ഞു: ‘യാ റസൂലല്ലാഹ്! ഇതുശരിയാണ്, ഞങ്ങളുടെ മനസ്സിൽ അങ്ങനെയൊരു ചിന്ത കടന്നുവന്നിരുന്നു. നബിﷺതിരുമേനി ചോദിച്ചു: ‘എന്റെ പേരെന്താണെന്ന് നിങ്ങൾക്കറിയുമോ? അതായത്, ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലുമാണെന്നാണ് വിളിക്കപ്പെട്ടിട്ടുള്ളത്. പിന്നെങ്ങനെയാണ് ഇസ്‌ലാം ദുർബലമായിരുന്ന നേരത്ത് തങ്ങളുടെ ജീവൻ ത്യജിച്ച നിങ്ങളെ വിട്ട് മറ്റൊരിടത്ത് പോകാൻ എനിക്ക് കഴിയുക?’ തുടർന്ന് പറഞ്ഞു:

“അൻസ്വാറേ! അതൊരിക്കലും സംഭവിക്കില്ല. ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലുമാണ്. അല്ലാഹുവിനുവേണ്ടി ഞാനെന്റെ നാട് വിട്ടുപോന്നു. അതിനുശേഷം എനിക്കിനി എന്റെ നാട്ടിൽ തിരിച്ചുപോകാൻ കഴിയില്ല. എന്റെ ജീവിതം നിങ്ങളുടെ ജീവിതവുമായും എന്റെ മരണം നിങ്ങളുടെ മരണവുമായും ബന്ധപ്പെട്ടിരിക്കുന്നു.’ മദീനയിലെ ആളുകൾ ഈ വാക്കുകൾ കേട്ട്, നബിﷺതിരുമേനിയുടെ സ്നേഹവും വിശ്വസ്തതയും കണ്ട് കരഞ്ഞുകൊണ്ട് മുന്നോട്ടുചെന്ന് പറഞ്ഞു: “യാ റസൂലല്ലാഹ്! അല്ലാഹുവാണെ സത്യം! ഞങ്ങൾ അല്ലാഹുവിനോടും അവന്റെ റസൂലിനോടും തെറ്റുധാരണ വച്ചുപുലർത്തി. വാസ്തവത്തിൽ അല്ലാഹുവിന്റെ റസൂൽ ഞങ്ങളെയും ഞങ്ങളുടെ നഗരത്തെയും വിട്ട് മറ്റെവിടെയെങ്കിലും പോകുന്നത് ഞങ്ങളുടെ ഹൃദയങ്ങൾക്ക് താങ്ങാനാവില്ല.” നബിﷺതിരുമേനി പറഞ്ഞു: “അല്ലാഹുവും അവന്റെ റസൂലും നിങ്ങളുടെ ആത്മാർഥത സത്യപ്പെടുത്തുന്നു. മുഹമ്മദ് റസൂലുല്ലായുംﷺ മദീനയിലെ ജനങ്ങളും തമ്മിൽ ഈ സ്നേഹസംഭാഷണങ്ങൾ നടക്കുമ്പോൾ മക്കയിലെ ജനങ്ങളുടെ കണ്ണുകളിൽനിന്ന് കണ്ണീർ വന്നിട്ടില്ലെങ്കിൽ അവരുടെ ഹൃദയങ്ങൾ തീർച്ചയായും കണ്ണീർ ഒഴുക്കിയിട്ടുണ്ടാകും, കാരണം ഈ ലോകത്ത് ഇതിലും വിലയേറിയ ഒരു വസ്തുവും സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്ത ആ അമൂല്യരത്നത്തെ അല്ലാഹു അവർക്ക് നല്കിയിരുന്നു. എന്നാൽ, അവർ ആ മഹാത്മാവിനെ തങ്ങളുടെ വീടുകളിൽനിന്ന് ബഹിഷ്കരിച്ചു. ഇപ്പോൾ ആ മഹാത്മാവ് അല്ലാഹുവിന്റെ അനുഗ്രഹവും സഹായവുമായി മക്കയിൽ തിരിച്ചെത്തിയിരിക്കുന്നു. എന്നാൽ, ആ മഹാത്മാവ് തന്റെ വാഗ്ദാനം പൂർത്തീകരിക്കുന്നതിന്റെ പേരിൽ തന്റെ സ്വന്തം ഇഷ്ടപ്രകാരം മക്ക വിട്ട് മദീനയിൽ തിരിച്ചുപോകുകയാണ്.”*(ദീബാച്ച തഫ്സീറുൽ ഖുർആൻ-അൻവാറുൽഉലൂം വാല്യം 20,പേജ് 348-349)*

ഹദ്റത്ത് ഇബ്നു അബ്ബാസിൽؓനിന്ന് ഒരു നിവേദനം: ‘അബൂസുഫിയാൻ നബിﷺതിരുമേനിയെ കണ്ടു. നബിﷺതിരുമേനി നടന്നുപോകുകയായിരുന്നു. സ്വഹാബിമാർ പിന്നാലെ നടക്കുകയായിരുന്നു. അയാൾ മനസ്സിൽ പറഞ്ഞു: എനിക്ക് ഇവരുമായി വീണ്ടും യുദ്ധം ചെയ്യാനും ഇവർക്കെതിരെ സൈന്യത്തെ സംഘടിപ്പിക്കാനും കഴിഞ്ഞിരുന്നെങ്കിൽ! നബിﷺതിരുമേനി വന്ന് അദ്ദേഹത്തിന്റെ നെഞ്ചിൽ കൈവച്ച് പറഞ്ഞു: ‘അപ്പോൾ അല്ലാഹു താങ്കളെ വീണ്ടും അപമാനിക്കും. താങ്കൾ യുദ്ധം ചെയ്യാനാണ് ചിന്തിക്കുന്നതെങ്കിൽ വീണ്ടും അപമാനിക്കപ്പെടുന്നതാണ്.’ അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിൽ പശ്ചാത്തപിച്ചുമടങ്ങുന്നു. ഞാൻ പറഞ്ഞതിനെക്കുറിച്ച് അല്ലാഹുവിനോടു മാപ്പു ചോദിക്കുന്നു. അങ്ങ് അല്ലാഹുവിന്റെ സത്യപ്രവാചകനാണെന്ന് എനിക്കിപ്പോൾ ഉറപ്പായിരിക്കുന്നു.” അദ്ദേഹം പറയുന്നു: ഞാനത് എന്റെ മനസ്സിൽ ചിന്തിക്കുകയായിരുന്നു, ഞാനത് ആരോടും പറഞ്ഞിരുന്നുമില്ല, എന്നിട്ടും നബിﷺതിരുമേനി അക്കാര്യം എന്നോട് വെളിപ്പെടുത്തി.*(അല്ലുഅ്ലുഉൽ മക്നൂൻ ഫീ സീറത്തിന്നബിയ്യിൽ മാഉമൂൻ, വാല്യം 5, പേജ് 63, രിയാള് 2013)(സുബുലുൽഹുദാ വാല്യം 5, പേജ് 248, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

കഅ്ബയുടെ മുകളിൽനിന്ന് ളുഹ്ർ ബാങ്ക് വിളിക്കപ്പെട്ടു. ളുഹ്ർ നമസ്കാര സമയമായപ്പോൾ, നബിﷺതിരുമേനി ഹദ്റത്ത് ബിലാലിനോട് കൽപ്പിച്ച പ്രകാരം അദ്ദേഹം കഅ്ബയുടെ മുകളിൽക്കയറി ബാങ്ക് കൊടുത്തു.*(സുബുലുൽഹുദാ, വാല്യം 5, പേജ്248, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

നബിﷺതിരുമേനി അന്ന് എല്ലാ നമസ്കാരങ്ങളും ഒരേയൊരു വുളുകൊണ്ട് നിർവഹിച്ചുവെന്ന് നിവേദനമുണ്ട്. ഓരോ നമസ്കാരത്തിനും വുളു(ക്ഷാളനം) പുതുക്കുകയായിരുന്നു നബിﷺതിരുമേനി യുടെ പതിവ്. എന്നാൽ, ഇന്ന് സ്വഹാബിമാർ അവിടന്ന് ഒരു വുളുകൊണ്ട് നമസ്കരിക്കുന്നതു കണ്ടപ്പോൾ ഹദ്റത്ത് ഉമർؓപറഞ്ഞു: ‘യാ റസൂലല്ലാഹ്, അങ്ങ് ഇന്ന് പതിവില്ലാത്ത ഒരു കാര്യം ചെയ്തിരിക്കുന്നു.’

നബിﷺതിരുമേനി പറഞ്ഞു: 'ഉമറേ! ഞാൻ മനഃപൂർവം അങ്ങനെ ചെയ്തതാണ്.' നബിﷺതിരുമേനി ആവശ്യമുള്ളപ്പോൾ ഇങ്ങനെ ചെയ്യുന്നതിനുള്ള സൗകര്യത്തിന് ഈ മാതൃക കാണിച്ചുതന്നുവെന്നാണ് പണ്ഡിതന്മാർ ഇതിൽനിന്ന് അനുമാനിക്കുന്നത്.'*(അല്ലുഅ്ലുഉൽ മക്നൂൻ ഫീ സീറത്തിന്നബിയ്യിൽ മാഉമൂൻ, വാല്യം 4, പേജ് 64-65, രിയാള് 2013)*

ഇതിന്നിടയിൽ നബിﷺതിരുമേനി ഒരു പൊതുബയ്അത്ത് (അനുസരണ പ്രതിജ്ഞ) വാങ്ങുകയും ചെയ്തു. അതിന്റെ വിശദീകരണങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ഹദ്റത്ത് അസ്വദ് ബിൻ ഖൽഫിൽനിന്ന് നിവേദനം. അദ്ദേഹം മക്കാവിജയദിവസം നബിﷺതിരുമേനിയെ കണ്ടു. അവിടന്ന് ഖർനി മസ്ഫലയുടെ അടുത്തിരുന്നു. അതു മക്കയുടെ താഴ്ഭാഗത്തുള്ള ഒരു പാറയാണ്. അവിടെ ഇരുന്ന് ആളുകളിൽനിന്ന് ബയ്അത്ത് വാങ്ങുകയായിരുന്നു. ചെറിയവരും വലിയവരും പുരുഷന്മാരും സ്ത്രീകളും നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽവന്നു.

നബിﷺതിരുമേനി അവരിൽനിന്ന് അല്ലാഹുവിലുള്ള വിശ്വാസത്തിന്റേയും അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് ﷺഅവന്റെ ദാസനും റസൂലുമാണെന്നുമുള്ള സാക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ ബയ്അത്തുവാങ്ങി.

ഇബ്നു ജരീർ ത്വബരിയിൽ വിവരിക്കുന്നു: ഇസ്ലാമിന്റെ അടിസ്ഥാനത്തൽ നബിﷺതിരുമേനി ക്ക് ബയ്അത്ത് ചെയ്യാൻ മക്കയിൽ ആളുകൾ ഒത്തുകൂടി. നബിﷺതിരുമേനി സ്വഫാ കുന്നിലിരുന്നു. ഹദ്റത്ത് ഉമർؓതാഴെയായിരുന്നു. അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും വാക്കുകൾ കഴിവനുസരിച്ച് കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന് ആളുകളിൽനിന്ന് അവിടന്ന് ബയ്അത്ത് വാങ്ങുകയായിരുന്നു. പുരുഷന്മാരിൽനിന്നുള്ള ബയ്അത്ത് കഴിഞ്ഞപ്പോൾ, നബിﷺതിരുമേനി സ്ത്രീകളിൽനിന്ന് ബയ്അത്ത് വാങ്ങി. ഈ സ്ത്രീകളിൽ അബൂസുഫിയാന്റെ ഭാര്യ ഹിന്ദുമുണ്ടായിരുന്നു. അവർ മുഖം മറച്ചിരുന്നു. ഹദ്റത്ത് ഹംസയോടു അവർ ചെയ്തതിനെക്കുറിച്ച് നബിﷺതിരുമേനി ചോദിക്കുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു. അതുകാരണം തനിക്ക് ശിക്ഷ ലഭിക്കുമോ എന്നും അവർക്ക് ആശങ്കയുണ്ടായിരുന്നു. ആ സ്ത്രീകൾ നബിﷺതിരുമേനിയുടെ അടുത്ത് ഹാജരായപ്പോൾ അവിടന്ന് പറഞ്ഞു: "നിങ്ങളാരെയും പങ്കുചേർക്കുകയില്ലെന്നും നിങ്ങൾ മോഷ്ടിക്കുകയില്ലെന്നുമുള്ള കാര്യത്തിൽ അല്ലാഹുവിനോടു നിങ്ങളെനിക്ക് ബയ്അത്ത് ചെയ്യുക." ഹിന്ദ് പറഞ്ഞു: അല്ലാഹുവാണെ സത്യം! ചിലപ്പോൾ ഞാൻ അബൂസുഫിയാന്റെ ധനത്തിൽനിന്ന് എന്തെങ്കിലും എടുക്കാറുണ്ട്. ഇതെനിക്ക് ഹലാലാണോ ഹറാമാണോ എന്ന് എനിക്കറിയില്ല. അബൂ സുഫിയാൻ അവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: 'നീ മുമ്പേ എടുത്തിട്ടുള്ള ധനം നിനക്ക് ഹലാലാണ്. അല്ലാഹു നിന്നോട് പൊറുക്കട്ടെ.' നബിﷺതിരുമേനി ഹിന്ദിനെ തിരിച്ചറിഞ്ഞുകൊണ്ട് ചോദിച്ചു: 'നീ ഉത്ബയുടെ മകൾ ഹിന്ദാണോ?' അവർ പറഞ്ഞു: 'അതെ! പക്ഷേ, മുമ്പേ സഭവിച്ചതൊക്കെ പൊറുത്തുതന്നാലും.' അതായത്, ഇസ്ലാമിനും നബിﷺതിരുമേനിയുടെ അനുഗൃഹീത വ്യക്തിത്വത്തിനും എതിരായി താൻ ചെയ്തതെല്ലാം പൊറുത്തുകൊടുക്കാൻ പറഞ്ഞു. തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ വ്യഭിചരിക്കാൻ പാടില്ല.' ഹിന്ദ് ചോദിച്ചു: 'സ്വതന്ത്രയായ ഒരു സ്ത്രീ വ്യഭിചരിക്കുമോ?' നബിﷺതിരുമേനി തുടർന്നുപറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ മക്കളെ കൊല്ലരുത്.' ഹിന്ദ്ؓപറഞ്ഞു: ഞങ്ങൾ അവരെ ചെറുപ്പത്തിൽ വളർത്തി. പക്ഷേ, അവർ വലുതായപ്പോൾ അങ്ങ് അവരെ ബദ്ർ യുദ്ധത്തിൽ കൊന്നു. ഇതു താങ്കൾക്കുമറിയാം, അവർക്കും. ഇതുകേട്ട് നബിﷺതിരുമേനിയും ഹദ്റത്ത് ഉമറുംؓചിരിച്ചു. പിന്നീട് നബിﷺതിരുമേനി പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ മുന്നിൽ നിൽക്കുന്ന കുറ്റാരോപണം ഉന്നയിക്കാൻ പാടില്ല." ഹിന്ദ്ؓപറഞ്ഞു: 'അപവാദം പറയൽ വളരെ മോശമായ ഒരു പ്രവൃത്തിയാണ്, ചില പാപങ്ങൾ അതിലും മോശമാണ്.' പിന്നീട് നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ സൽക്കാര്യത്തിൽ എന്നോട് അനുസരണക്കേടു കാണിക്കരുത്.'*(അല്ലുഅ്ലുഉൽ മക്നൂൻ ഫീ സീറത്തിന്നബിയ്യിൽ മാഉമൂൻ , വാല്യം 4, പേജ് 78-79, രിയാള് 2013)(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 247-248,295 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഒരു നിവേദനത്തിലുണ്ട്: 'ഹിന്ദ് ബിൻത് ഉത്ബക്ക് താൻ വഴികേടിലായിരുന്നു എന്ന് മനസ്സിലായി. അപ്പോൾ അവർ തന്റെ ഭർത്താവ് അബൂസുഫിയാനോട് പറഞ്ഞു: 'എനിക്ക് മുഹമ്മദ്ﷺന് ബയ്അത്ത് ചെയ്യാൻ ആഗ്രഹമുണ്ട്.' അബൂസുഫിയാൻ ആശ്ചര്യത്തോടെ ചോദിച്ചു: 'ഇതുവരെ നീ നിഷേധിച്ചുകൊണ്ടേയിരുന്നല്ലോ. പെട്ടെന്ന് ഇത്ര വലിയ മാറ്റം എങ്ങനെ വന്നു?' അവർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! മക്കാവിജയദിവസം മുഹമ്മദ്ﷺനോടൊപ്പം മുസ്ലിമീങ്ങൾ ആരാധന നടത്തുന്നത് ഞാൻ കണ്ടു. മുഹമ്മദിന്റെﷺഅനുയായികൾ രാത്രി മുഴുവൻ കഅ്ബയിൽ ആരാധന നടത്തുകയായിരുന്നു. ചിലർ നില്ക്കുന്നു, ചിലർ കുനിയുന്നു. ചിലർ സാഷ്ടാംഗം പ്രണമിക്കുന്നു. ഇതുപോലെ ആരാധനനടത്തുന്നത് ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. അബൂസുഫിയാൻ പറഞ്ഞു: നിന്റെ ഗോത്രത്തിലെ ഏതെങ്കിലും ഒരാളോടൊപ്പം പോകുക. അങ്ങനെ അവർ ഹദ്റത്ത് ഉമർؓന്റെ അടുത്തുപോയി. അതായത് നബിﷺതിരുമേനിയുടെ അടുത്തുപോകണമെങ്കിൽ തന്റെ ഗോത്രത്തിലെ ഏതെങ്കിലും ഒരാളുടെ അടുത്തുപോകണം. അങ്ങനെ അവർ ഹദ്റത്ത് ഉമർؓന്റെ അടുത്തുപോയി, അദ്ദേഹത്തെയും കൂട്ടി നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി തന്റെ ഇസ്ലാം സ്വീകരണത്തിന്റെ സംഭവം വിവരിച്ചു. ഇസ്ലാം സ്വീകരിച്ചശേഷം അവർ വീട്ടിൽ പോയി. തന്റെ വീട്ടിലുണ്ടായിരുന്ന വിഗ്രഹങ്ങളെല്ലാം തല്ലിത്തകർത്ത് കഷണങ്ങളാക്കി. അവർ പറഞ്ഞു: 'നീ കാരണം ഞങ്ങൾ വഞ്ചനയിൽ അകപ്പെട്ടു പോയിരുന്നു."*(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം 8, പേജ് 347, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(ഫത്ഹ് മക്ക, മുഹമ്മദ് ബാശമീൽ, പേജ് 311, നഫീസ് അക്കാഡമി കറാച്ചി)*

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: ഹിന്ദ് ഇസ്ലാം സ്വീകരിച്ചതിനുശേഷം നബിﷺതിരുമേനിയുടെ അടുത്തു വന്നു പറഞ്ഞു: "അല്ലാഹുവിനാണ് സർവ സ്തുതിയും, അവൻ തനിക്കിഷ്ടപ്പെട്ട ഈ മതത്തെ വിജയിപ്പിച്ചു. യാ! റസൂലല്ലാഹ്!അങ്ങയുടെ കാരുണ്യത്തിന്റെ ഒരു ഭാഗം എനിക്ക് കിട്ടാനിടയുണ്ടോ? അല്ലാഹുവിന്റെ റസൂലേ!ഞാൻ അല്ലാഹുവിൽ വിശ്വസിക്കുകയും അത് സത്യപ്പെടുത്തുകയും ചെയ്യുന്ന സ്ത്രീയാണ്." നബിﷺതിരുമേനിഞ്ഞു: 'നിനക്ക് സ്വാഗതം.'

ഹിന്ദ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങയുടെ വീട്ടുകാരെക്കാൾ കൂടുതൽ ഭൂമിയിൽ ഒരുവീട്ടുകാരും അപമാനിക്കപ്പെടരുതെന്ന് ഞാനാഗ്രഹിച്ചിരുന്നു. എന്നാൽ, ഇപ്പോൾ ഭൂമിയിലെ എല്ലാ വീട്ടുകാരുടെ അന്തസ്സിനെക്കാളും എനിക്കേറ്റവും പ്രിയപ്പെട്ടത് അങ്ങയുടെ അന്തസ്സാണ്."

ഹദ്റത്ത് ഹിന്ദ് ഇസ്ലാം സ്വീകരിച്ചശേഷം നബിﷺതിരുമേനിയോടുള്ള തന്റെ സ്നേഹവും ആത്മാർഥതയും ഇപ്രകാരം പ്രകടിപ്പിച്ചു: അവർ രണ്ടു ആട്ടിൻ കുട്ടികളെ ചുട്ട് ഒരു ദാസിയുടെ കയ്യിൽ നബിﷺതിരുമേനിക്ക്

• ഹദീഥുന്നബ്‌വി(സ) •

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'
(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വി(സ) •

യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

കൊടുത്തയച്ചു. നബിﷺതിരുമേനിയുടെ അടുത്ത് അവർ വന്നു പറഞ്ഞു: "എന്റെ യജമാനത്തി, ഇത് താങ്കൾക്കു തന്നയച്ചതാണ്. ചുട്ടെടുത്ത മാംസമാണ് കൊണ്ടുവന്നിട്ടുള്ളത്." അവർ ക്ഷമാപണം നടത്തിക്കൊണ്ട് പറയുകയാണ്, "ഇപ്പോൾ ഞങ്ങൾക്ക് ആട്ടിൻകുട്ടികൾ കുറവാണ്. അതുകൊണ്ട് ഞാൻ രണ്ടെണ്ണം മാത്രമേ കൊടുത്തയക്കുന്നുള്ളൂ."നബിﷺതിരുമേനി പറഞ്ഞു: "അല്ലാഹു നിങ്ങളുടെ ആടുകളിലും അവയുടെ കുഞ്ഞുങ്ങളിലും അനുഗ്രഹം ചെരിയട്ടെ." പിൽക്കാലത്ത് ഈ ദാസി പറയുമായിരുന്നു: "അല്ലാഹുവാണെസത്യം! പിന്നീട് ഞാൻ മുമ്പേ കണ്ടിട്ടില്ലാത്തവിധമാണ് ആടുകളുടെയും കുട്ടികളുടെയും ആധിക്യം കണ്ടത്."ഹദ്റത്ത് ഹിന്ദ്ؓപറയുമായിരുന്നു: "ഇത് നബിﷺതിരുമേനിയുടെ പ്രാർഥനയുടെ ഫലമാണ്."*(സുബുലുൽഹുദാ വാല്യം 5, പേജ് 265, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1995)(സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 139, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ അബൂ സുഫിയാന്റെ ഭാര്യ ഹിന്ദിന്റെ ബയ്അത്ത് സംഭവം ഇപ്രകാരം വിവരിക്കുന്നു:"ഹദ്റത്ത് ഹംസയുടെ മൃതദേഹം വികൃതമാക്കിയ അതേ സ്ത്രീയാണ് ഹിന്ദ്. ഈ ക്രൂരമായ ക്രിത്യത്തിനും മനുഷ്യത്വരഹിതമായ പ്രവർത്തനത്തിനും അവൾക്ക് ശിക്ഷ നല്കുന്നത് ഉചിതമായിരിക്കുമെന്ന് നബിﷺതിരുമേനിക്ക് തോന്നി. അന്ന് ഹിജാബിന്റെ കൽപ്പന ഇറങ്ങിയിരുന്നു. സ്ത്രീകൾ ബയ്അത്ത് ചെയ്യാൻ വന്നപ്പോൾ ഹിന്ദും ഒരു തട്ടം മാടിപ്പുതച്ച് കൂടെ വന്നു. അവർ ബയ്അത്ത് ചെയ്തു. 'ഞങ്ങൾ ശിർക്ക് ചെയ്യില്ല' എന്ന വാക്യത്തിലെത്തിയപ്പോൾ, അവർ എടുത്തുചാട്ടക്കാരിയായതിനാൽ ചോദിച്ചു: 'യാ! റസൂലല്ലാഹ്, ഞങ്ങൾ ഇനിയും ശിർക്ക് ചെയ്യുമോ? അങ്ങ് ഒറ്റയ്ക്കായിരുന്നു, ഞങ്ങൾ പൂർവശക്തിയോടെ അങ്ങയെ എതിർത്തു. ഞങ്ങളുടെ ദൈവങ്ങൾ സത്യത്തിലാണെങ്കിൽ അങ്ങ് എങ്ങനെ വിജയിക്കുമായിരുന്നോ? അവ തീർത്തും വ്യർഥമാണെന്ന് തെളിയിക്കപ്പെട്ടു, ഞങ്ങൾ പരാജയപ്പെട്ടു." നബിﷺതിരുമേനി ചോദിച്ചു: 'ഹിന്ദാണോ ഇത്? നബിﷺതിരുമേനി അവരുടെ ശബ്ദം തിരിച്ചറിഞ്ഞു. എന്തായാലും ബന്ധുക്കളായിരുന്നല്ലോ. ഹിന്ദ് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! ഞാനിപ്പോൾ മുസ്‌ലിമായിരിക്കുന്നു, ഇനി എന്നെ കൊല്ലാനുള്ള അധികാരം അങ്ങയ്ക്കില്ല. ഇതുകേട്ട നബിﷺതിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു: 'അതെ, ഇനി നിനക്ക് ഒരു ശിക്ഷയുമില്ല. ചുരുക്കത്തിൽ, എല്ലാ ദൈവങ്ങളെയും തകർത്ത് ഒറ്റദൈവത്തെ ഉണ്ടാക്കി എന്ന് കരുതിയ ആ സമുദായത്തിൽ അത്രയും വലിയ മാറ്റമാണുണ്ടായത്. ഹിന്ദിനെപ്പോലെയുള്ള ഒരു സ്ത്രീ പറഞ്ഞു:"ആർക്കെങ്കിലും പറയാൻ കഴിയുമോ ദൈവം ഒന്നല്ലെന്ന്!"*(അപ്നെ ഫറാഇള് കി അദായേഗി മെ രാത് ദിൻ മുൻഹമിക് രഹോ. അൻവാറുൽ ഉലൂം വാല്യം 20, പേജ് 14-15)*

ബയ്അത്തിന്റെ അതേ ദിവസങ്ങളിൽ നടന്ന ഒരു സംഭവം കിട്ടുന്നുണ്ട്. ഒരാൾ നബിﷺതിരുമേനിയുടെ അടുത്ത് ബയ്അത്ത് ചെയ്യാൻ വന്നു. നബിﷺതിരുമേനിയുടെ പ്രൗഢിയും പ്രതാപവും കാരണത്താൽ അയാൾ ഭയന്ന് വിറയ്ക്കുന്നുണ്ടായിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു:'പേടിക്കണ്ട.' വിനയത്തോടെ പറഞ്ഞു: "ഞാനൊരു രാജാവൊന്നമല്ല, മക്കയിൽ ഉണക്ക മാംസം ഭക്ഷിച്ചു കഴിഞ്ഞിരുന്ന ഒരു സ്ത്രീയുടെ മകനാണ് ഞാൻ."*(അല്ലുഅ്ലുഉൽ മക്നൂൻ ഫീ സീറത്തിന്നബിയ്യിൽ മാഇമൂൻ, വാല്യം 4, പേജ് 83, രിയാള് 2013)(സുനൻ ഇബ്നു മാജ, കിതാബുൽ അത്അമ, ബാബുൽഖദീദ്, ഹദീഥ് 3312)*

വധശിക്ഷ വിധിക്കപ്പെട്ട കുറ്റവാളികളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. വിശദീകരണങ്ങൾ ഞാൻ പറയാം. ഇത് സംബന്ധിച്ച് ചിലർ ആശങ്കകൾ വെച്ചുപുലർത്തുന്നുണ്ട്. സംഭവങ്ങളും അതുതന്നെയാണ് കാണിക്കുന്നത്. കാരണം വധശിക്ഷയെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാരണങ്ങൾ നബിﷺതിരുമേനി യുടെ പ്രവർത്തനങ്ങൾക്കും സ്വഭാവത്തിനും കടകവിരുദ്ധമാണ്. എന്തായാലും ആരായിരുന്നു അവർ, ചരിത്രത്തിൽ എവിടെയാണ് ചിലയിടങ്ങളിലിത് പരാമർശിക്കപ്പെട്ടിട്ടുളളത് എന്നൊക്കെ ഞാൻ ആദ്യം പറയാം, അതിന്റെ ഖണ്ഡനവും ഞാൻ പിന്നീട് നടത്തുന്നതായിരിക്കും.

ഇബ്നു ഇസ്ഹാഖ് പറഞ്ഞിട്ടുണ്ട്, 'നബിﷺതിരുമേനി കണ്ടിടത്തുവെച്ച് വധിക്കാൻ കൽപ്പിച്ച കുറ്റവാളികൾ എട്ടു പുരുഷന്മാരും ആറു സ്ത്രീകളുമായിരുന്നു. ഇതു ഫത്ഹുൽബാരിയിലെഴുതിയിട്ടുളളതാണ്.ഇവർ ആകെ പതിനൊന്ന് പേരായിരുന്നുവെന്ന് സീറത്ത് ഹൽബിയ്യയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവർ ആകെ പത്തുപേരായിരുന്നുവെന്ന് വാഖ്ദി രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ആറു പുരുഷന്മാരും നാലു സ്ത്രീകളുമായിരുന്നു. *(ഫത്ഹുൽബാരി വാല്യം 8, പേജ് 14, കിതാബുൽ മഗാസി ഹദീഥ് നമ്പർ 4280, ആരാംബോഗ് കറാച്ചി)(സീറത്തുൽ ഹൽബിയ്യ, വാല്യം 3 പേജ്,117, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്) (കിതാബുൽമഗാസി വാഖ്ദി വാല്യം 2, പേജ് 258, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)*

ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിൽ ഈ പതിനാലു പേരുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ അബ്ദുൽ ഉസ്സ ബിൻ ഖത്വല, അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹ്, ഇക്രിമ ബിൻ അബീ ജഹ്ൽ, മിഖ്യസ് ബിൻ സ്വുബാബ. ഹബ്ബാർ ബിൻ അസ്വദ് തുടങ്ങിയവർ ഉൾപ്പെടുന്നു.*(ഫത്ഹുൽബാരി വാല്യം 8, പേജ് 13, ഖദീമീ കുതുബുഖാന, ആരാം ബാഗ് കറാച്ചി)*

ഒരു ഹദീഥിൽ ഇപ്രകാരമുണ്ട്: നബിﷺതിരുമേനി മക്കാവിജയദിവസം നാലു പുരുഷന്മാർക്കും രണ്ട് സ്ത്രീകൾക്കുമൊഴികെ എല്ലാവർക്കും അഭയം നല്കി. അവിടന്ന് പറഞ്ഞു: അവർ കഅ്ബയുടെ തിരശ്ശീലകളിൽ തൂങ്ങിക്കിടക്കുകയാണെങ്കിൽപോലും വധിക്കുക.*(സുനൻ അന്നസാഇ, കിതാബുൽമഹാരിബ(തഹ്രീമുദ്ദമി)ബാബു അൽഹുക്മു ഫിൽ മുർത്തദ്ദ്, ഹദീഥ് 4072)*

ഒരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: നബിﷺതിരുമേനി മക്കാവിജയ ദിവസം ഈ നാലു പേരൊഴികെ എല്ലാവർക്കും അഭയം നല്കി. ഈ നാലുപേർ അബ്ദുൽ ഉസ്സ ബിൻ ഖത്വല, മിഖ്യസ് ബിൻ സ്വുബാബ, അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീ സർഹ്, ഉമ്മി സാറ എന്നിവരായിരുന്നു. *(അൽബദായ വന്നഹായാ വാല്യം 6, പേജ് 562, മക്തബ ദാറുൽഹിജ്ർ ബെയ്റുത്ത് 2001)*

ഒരു നബിചരിത്രകാരൻ എഴുതിയിരിക്കുന്നു: 'കൊല്ലാൻ അനുവദിനീയമാക്കിയവരിൽ (അതായത്, അനുവദനീയമായവർ എന്ന് പ്രഖ്യാപിച്ചവരിൽ) മിക്കവർക്കും നബിﷺതിരുമേനി മാപ്പ് നല്കിയിരുന്നു, ഏതാനും പേർ മാത്രമേ കൊല്ലപ്പെട്ടിട്ടുള്ളൂ. അവരെ നബിﷺതിരുമേനി പൊതുമാപ്പിനു മുമ്പേതന്നെ വധിച്ചിരുന്നു. ഈ വിഷയത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓതന്റെ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"കൊടുംക്രൂരമായ കൊലപാതകങ്ങളും കുഴപ്പങ്ങളും ചെയ്ത പതിനൊന്ന് പുരുഷന്മാരും നാലു സ്ത്രീകളും മാത്രമാണ് തെളിയിക്കപ്പെട്ട കുറ്റവാളികളായുണ്ടായിരുന്നത്. അവർ യുദ്ധക്കുറ്റവാളികളായിരുന്നു. അവരെ വധിക്കണമെന്ന് നബിﷺതിരുമേനി കൽപ്പിച്ചിരുന്നു. കാരണം

**• ഹദീഥുന്നബ്‌വി(സ) •**

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ

**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വി(സ) •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

അവർ കേവലം സത്യനിഷേധത്തിന്റെയോ യുദ്ധത്തിന്റെയോ കുറ്റവാളികളായിരുന്നില്ല, മറിച്ച് യുദ്ധക്കുറ്റവാളികളായിരുന്നു. എന്നാൽ, അവരിൽ മിക്കവർക്കും മുസ്‌ലിമീങ്ങളുടെ ശിപാർശ പ്രകാരം നബിﷺതിരുമേനി മാപ്പു നല്കി. അങ്ങനെ അവരിൽ മിക്കവരെയും വെറുതെവിട്ടു.”*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 344, 349)*

ഹദ്‌റത്ത് മസീഹ് മൗഊദ് ؑഇപ്രകാരം വിവരിക്കുന്നു: ‘ഹദ്‌റത്ത് ഖാത്തമുൽ അമ്പിയാ ﷺ മക്കക്കാരെയും മറ്റുള്ളവരെയും പൂർണമായി കീഴടക്കിയശേഷം, അവരെ തന്റെ വാളിന്റെ കീഴിൽ കണ്ടിട്ടും അവരുടെ പാതകങ്ങളെല്ലാം ക്ഷമിച്ചു. ദൈവസന്നിധാനത്തിൽനിന്ന് വ്യക്തമായ കൽപ്പന ലഭിച്ച ഏതാനും പേർക്കു മാത്രമാണ് ശിക്ഷ നല്കിയത്. അല്ലാഹു ആരെക്കുറിച്ചെല്ലാമായിരുന്നോ വ്യക്തമായി പറഞ്ഞത്, ആ ചില ശപ്തരൊഴികെ എല്ലാ ശത്രുക്കളുടെയും കുറ്റങ്ങൾ ക്ഷമിച്ചു.”*(ബറഹീനെ അഹ്മദിയ്യ, ഭാഗം 3, റൂഹാനീഖസാഇൻ വാല്യം 1, പേജ് 286-287, ബാക്കി ഹാശിയ നമ്പർ 11)*

വധിക്കപ്പെട്ടവരുടെ കാരണങ്ങളും ചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്. അവ ഞാൻ പറയുമെങ്കിലും, തൃപ്തികരമായ കാരണങ്ങളല്ല. ആദ്യത്തെ പേര് അബ്ദുൽ ഉസ്സാ ബിൻ ഖത്വലാണ്. ഇയാൾ ആദ്യം ഇസ്‌ലാം സ്വീകരിച്ചിരുന്നു. നബിﷺതിരുമേനി അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്ന് മാറ്റിയിരുന്നു. അദ്ദേഹം മദീനയിലേക്ക് ഹിജ്റത്തുപോയി. നബിﷺതിരുമേനി അദ്ദേഹത്തെ സക്കാത്ത് ശേഖരിക്കാൻ അയച്ചു. അദ്ദേഹത്തോടൊപ്പം ബനൂഖുസാഅ ഗോത്രത്തിലെ ഒരാളുമുണ്ടായിരുന്നു. അയാൾ ഭക്ഷണം പാകം ചെയ്യുകയും സേവനം ചെയ്യുകയും ചെയ്തിരുന്നു. ഇരുവരും ഒരു സ്ഥലത്ത് തങ്ങി. അവിടെ ആളുകൾ സക്കാത്ത് നല്കാറുണ്ടായിരുന്നു. ഖുസാഅ ഗോത്രക്കാരനോടു ഭക്ഷണം തയ്യാറാക്കാൻ ഇബ്നു ഖത്വല കൽപ്പിച്ചു. ഉച്ചനേരത്ത് അദ്ദേഹം ഉറങ്ങിപ്പോയി. ഉണർന്നപ്പോൾ ഖുസാഅ ഗോത്രക്കാരനും ഉറങ്ങുകയായിരുന്നു. അയാളൊന്നും തയ്യാറാക്കിയിരുന്നില്ല. ഇബ്നു ഖത്വല വാളുകൊണ്ട് അയാളെ കൊന്നു. ഇസ്‌ലാംമതമുപേക്ഷിച്ച് മക്കയിൽ ഓടിപ്പോയി. ഇയാൾ നബിﷺതിരുമേനിയെ കവിതകളിലൂടെ അധിക്ഷേപിച്ചിരുന്നു. ഹദ്‌റത്ത് അനസ്ؓപറയുന്നു: നബിﷺതിരുമേനി മക്കാവിജയ ദിവസം മക്കയിൽ പ്രവേശിച്ചു. നബിതങ്ങളുടെ തലയിൽ ഒരു അങ്കിത്തൊപ്പി ഉണ്ടായിരുന്നു. അവിടന്ന് അത് മാറ്റി. ഒരാൾ നബിﷺതിരുമേനിയുടെ അടുത്തുവന്നു പറഞ്ഞു: ഇബ്നു ഖത്വല കഅ്ബയുടെ തിരശ്ശീലകളിൽ തൂങ്ങിക്കിടക്കുന്നു. നബിﷺതിരുമേനി പറഞ്ഞു: ‘അവനെ കൊല്ലുക.’

രണ്ടാമത്തേത് മിഖ്‌യസ് ബിൻ സ്വുബാബ ആയിരുന്നു. ഒരു അൻസ്വാരി സ്വഹാബിയെ വധിക്കാൻ വേണ്ടിയായിരുന്നു ഇയാൾ ഇസ്‌ലാം സ്വീകരിച്ചത്. ഒരു യുദ്ധത്തിൽ ഒരു അൻസ്വാരി സ്വഹാബി തന്റെ ശത്രുവാണെന്ന് തെറ്റിദ്ധരിച്ച് മിഖ്‌യസിന്റെ സഹോദരനെ അബദ്ധത്തിൽ കൊന്നിരുന്നു. മിഖ്‌യസ് തന്റെ സഹോദരന്റെ ദിയാധനം വാങ്ങി അൻസ്വാരി സ്വഹാബിയെ രക്തസാക്ഷിയാക്കുകയും ചെയ്തു. പിന്നീട് ഇസ്‌ലാം ഉപേക്ഷിച്ച് മക്കയിൽ തിരിച്ചുപോയി. ഹദ്‌റത്ത് നുഫയ്‌ല ബിൻ അബ്ദുല്ലാഹ് ؓ മക്കാവിജയദിവസം ഇയാളെ കൊലപ്പെടുത്തി.

ഹുവയ്‌രിഥ് ബിൻ നുഖയ്ദ്. ഇങ്ങനെ എഴുതിയിരിക്കുന്നു:“നബിﷺതിരുമേനി ഇയാളെ കൊല്ലാൻ ഉത്തരവിട്ടിരുന്നു. കാരണം ഇയാൾ നബിﷺതിരുമേനിയെ കഠിനമായി ഉപദ്രവിച്ചിരുന്നു. ഹദ്‌റത്ത് അലിؓഇയാളെ കൊലപ്പെടുത്തി. ഒരു നബിചരിത്രകാരൻ രേഖപ്പെടുത്തുന്നു: ഹുവയ്‌രിഥ് ബിൻ നുഖയ്ദിന്റെ കൊലപാതകത്തിന്റെ കാരണം ഇതാണ്, ഇയാൾ നബിﷺതിരുമേനിയെ ഉപദ്രവിച്ചിരുന്നു. എന്നാൽ, ഇയാളുടെ കൊലപാതകത്തിന്റെ കാരണം മറ്റെന്തോ ആണ്. കാരണം നബിﷺതിരുമേനി തന്റെ സ്വന്തം കാര്യത്തിനുവേണ്ടി പ്രതികാരം ചെയ്യാറുണ്ടായിരുന്നില്ല.

പിന്നീടുള്ളത് ഹുവയ്‌രിഥ് ബിൻ ത്വലാത്വിൽ ഖുസായീയാണ്. ഇയാൾ നബിﷺതിരുമേനിയെ അധിക്ഷേപിച്ചിരുന്നു. ഇയാളെയും ഹദ്‌റത്ത് അലിؓവധിച്ചു.

പിന്നെ ഇബ്നു ഖത്വലിന്റെ ദാസി ഖരീനയായിരുന്നു. ഇവളെ അർനബ് എന്നും വിളിച്ചിരുന്നു. ഇവർ നബിﷺതിരുമേനിയക്കുറിച്ച് അധിക്ഷേപ കവിതകൾ പാടുമായിരുന്നു. ഇവളും വധിക്കപ്പെട്ടു. *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 223-225, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഇംതാഉൽ അസ്മാ, വാല്യം 1, പേജ് 399,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ഫത്ഹെ മക്ക, ബാശമീൽപേജ് 264-265, നഫീസ് അക്കാദമി കറാച്ചി)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോ പീഡിയ വാല്യം 9, പേജ് 157, ദാറുസ്സലാം)*

അതായത്, കൊല്ലപ്പെട്ടവരുടെ എണ്ണം പതിനാലോ പതിനഞ്ചോ വരെ ലഭിക്കുന്നുണ്ട്, എന്നാൽ, ഗവേഷണത്തിൽ ഈ എണ്ണം ശരിയല്ലെന്ന് മനസ്സിലാകുന്നുമുണ്ട്. കാരണം അവരെ കൊല്ലാൻ പറഞ്ഞിരിക്കുന്ന കുറ്റങ്ങളുടെ കാര്യത്തിൽത്തന്നെ ചരിത്രകാരന്മാർക്ക് തെറ്റുപറ്റിയിട്ടുണ്ടെന്ന് വ്യക്തമാകുന്നു. മിക്കവരുടെയും കുറ്റങ്ങളായി പറഞ്ഞിരിക്കുന്നത് അവർ മതത്തിൽനിന്ന് പുറത്തുപോയിരുന്നു അല്ലെങ്കിൽ നബിﷺതിരുമേനിയെ വേദനിപ്പിക്കാറുണ്ടായിരുന്നു അല്ലെങ്കിൽ അങ്ങയെ അധിക്ഷേപിക്കാറുണ്ടായിരുന്നു എന്നൊക്കെയാണ്. ഈ കുറ്റപത്രം വ്യക്തമാക്കുന്നത് ഈ ആരോപണം പിന്നീടുണ്ടായതാണ്. കാരണം ഖുർആനും നബിﷺതിരുമേനിയുടെ സുന്നത്തിനുമെതിരായാണ് മതപരിത്യാഗികൾക്കും പ്രവാചകനിന്ദ ചെയ്യുന്നവർക്കും വധശിക്ഷയാണെന്ന ചിന്തയുണ്ടായത്. നബിﷺതിരുമേനിയുടെ കാലത്ത് ഇത് സംഭവിക്കാറുണ്ടായിരുന്നില്ല. ഖുർആനിൽനിന്ന് തെളിയിക്കപ്പെട്ടിട്ടുള്ളത് മതമുപേക്ഷിക്കുന്നതിനുള്ള ശിക്ഷ വധമല്ലെന്നാണ്. ഖുർആനിൽനിന്നും നബിﷺതിരുമേനിയുടെ ഉദാത്തമായ മാതൃകയിൽ നിന്നും തെളിയിക്കപ്പെട്ടിട്ടുള്ളത് നബിﷺതിരുമേനിയേ വേദനിപ്പിക്കുന്നതിനും ഉപദ്രവിക്കുന്നതിനും അധിക്ഷേപിക്കുന്നതിനുമുള്ള ശിക്ഷ വധമല്ലായിരുന്നുവെന്നാണ്. അതിനാൽ മക്കാവിജയ വേളയിൽ വധശിക്ഷ വിധിക്കപ്പെവരുടെ കുറ്റം മറ്റെന്തെങ്കിലും ആയിരിക്കണം.

യുദ്ധക്കുറ്റം, ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് ؓ എഴുതിയതുപോലെ, അവർ യുദ്ധക്കുറ്റവാളികളായിരുന്നു അല്ലെങ്കിൽ കൊലപാതകികളായിരുന്നു എന്നതാണ്. എന്നാൽ, അധിക്ഷേപിക്കുകയോ നിന്ദിക്കുകയോ ചെയ്തതാണ് കാരണം എന്നുപറയുന്നത് തെറ്റാണ്.

മക്കാവിജയവേളയിൽ നടന്ന കൊലപാതകങ്ങളെക്കുറിച്ചുള്ള ഈ നിവേദനങ്ങളെ വിമർശിച്ചുകൊണ്ട്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഒരു പ്രമുഖ നബിചരിത്രകാരനായ അല്ലാമാ ശിബ്‌ലി നുഅ്മാനി ഇപ്രകാരം രേഖപ്പെടുത്തുന്നു: ‘നബിചരിത്രകാരന്മാർ പറയുന്നത്, നബിﷺതിരുമേനി മക്കയിലെ ആളുകൾക്ക് അഭയം നല്കിയിരുന്നെങ്കിലും, പത്തുപേരെ എവിടെ കണ്ടാലും കൊല്ലാൻ കൽപ്പിച്ചു. അവരിൽ ചിലർ, ഉദാഹരണത്തിന് അബ്ദുല്ലാഹ് ബിൻ ഖത്വല, മിഖ്‌യസ് ബിൻ സ്വുബാബ എന്നിവർ കൊലയാളികളായിരുന്നു, അവരെ ഖിസ്വാസ് അഥവാ തത്തുല്ല്യ ശിക്ഷാനടപടിയെന്ന നിലയിൽ കൊലപ്പെടുത്തി. ഈ രണ്ട് കൊ

**• ഹദീഥുന്നബ്‌വി(സ) •**

**‘എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.’**
(ബു.30:27)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വി(സ) •**

**‘ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.’** (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

ലയാളികളെ കൊന്നത് അംഗീകരിക്കാവുന്നതാണ്. എന്നാൽ, മറ്റുള്ള പലരും, അവരുടെ കുറ്റം മക്കയിൽ നബിﷺതിരുമേനിയെ ഉപദ്രവിക്കുകയോ അല്ലെങ്കിൽ അധിക്ഷേപിച്ചുകൊണ്ട് കവിതകൾ ചൊല്ലുകയോ ചെയ്തിരുന്നു എന്നതാണ്. ഈ കുറ്റത്തിന് ഒരു സ്ത്രീയെ കൊലപ്പെടുത്തി എന്ന് പറയുന്നു, അവൾ നബിﷺതിരുമേനിയെക്കുറിച്ചുള്ള അധിക്ഷേപ കവിതകൾ പാടുമായിരുന്നുവെന്ന് പറയപ്പെടുന്നു. എന്നാൽ, അദ്ദേഹം എഴുതിയിരിക്കുന്നു: മുഹദ്ദിഥീങ്ങളുടെ വിമർശനാത്മകമായ വീക്ഷണത്തിൽ ഈ വിവരണം ശരിയല്ല. ഈ കുറ്റം ചെയ്തത് മക്കക്കാർ എല്ലാവരുമായിരുന്നു. അധിക്ഷേപിക്കുകയും അധിക്ഷേപ കവിതകൾ പറയുകയും ചെയ്യുകയായിരുന്നു കാരണമെങ്കിൽ മക്ക മുഴുവൻ ഇത് ചെയ്യുകയായിരുന്നു, അപ്പോൾ എല്ലാവരെയും കൊല്ലേണ്ടിവരുമായിരുന്നു. ഖുറയ്ശികളിൽ രണ്ടോ നാലോ പേരൊഴികെ ആരാണ് നബിﷺതിരുമേനി യെ ദ്രോഹിക്കാതിരുന്നത്? എന്നിരുന്നാലും, അതേ ആളുകൾക്കാണ് 'അൻതുമുത്ത്വുലഖാഅ്' (നിങ്ങൾ സ്വതന്ത്രരാണ്) എന്ന സന്തോഷ വാർത്ത നല്കപ്പെട്ടത്. കൊല്ലപ്പെട്ടുവെന്ന് പറയപ്പെടുന്ന ആളുകൾ താരതമ്യേന താഴെക്കിടയിലുള്ള കുറ്റവാളികളായിരുന്നു.

ഹദ്റത്ത് ആഇശ സിദ്ദീഖؓയുടെ ഈ നിവേദനം സിഹാഹുസ്സിത്തയിൽ ലഭ്യമാണ്, നബിﷺതിരുമേനി ആരോടും സ്വന്തം കാര്യത്തിന് പ്രതികാരം ചെയ്തിരുന്നില്ല.

ഖയ്ബറിൽ നബിﷺതിരുമേനിക്ക് വിഷം നല്കിയ ജൂതസ്ത്രീയെക്കുറിച്ച് ആളുകൾ അന്വേഷിച്ചപ്പോൾ, അവളെ കൊല്ലാൻ ഉത്തരവുണ്ടാകുമോ എന്ന് ചോദിച്ചപ്പോൾ, ഇല്ലെന്ന മറുപടി നല്കി. ഖയ്ബറിലെ കുഫ്റിന്റെ നാട്ടിൽ ഒരു ജൂതസ്ത്രീ വിഷം നല്കിയിട്ടും റഹ്മത്തുൻല്ലിൽആലമീൻ ﷺയുടെ ദാക്ഷിണ്യത്താൽ രക്ഷപ്പെട്ടെങ്കിൽ, ഹറമിൽ അതിനേക്കാൾ താഴെക്കിടയിലുള്ള കുറ്റവാളികൾ നബിﷺതിരുമേനിയുടെ മാപ്പിൽനിന്ന് എങ്ങനെ ഹതഭാഗ്യരാകും? വിഷയം നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഈ സംഭവം ഒട്ടും വിശ്വസനീയമല്ല. യുക്തിപരമായി വിലയിരുത്താനാകില്ലെന്നതു പോട്ടെ നിവേദനവും തെറ്റാണ്. കാരണം സ്വഹീഹ് ബുഖാരിയിൽ ഇബ്നു ഖത്വലിന്റെ കൊലപാതകം മാത്രമേ പരാമർശിക്കുന്നുള്ളൂ, അയാൾ പ്രതിക്രിയയുടെ ഭാഗമായി കൊല്ലപ്പെട്ടതാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മിഖ്യസിന്റെ കൊലപാതകവും ശരീഅത്തനുസരിച്ചുള്ള പ്രതിക്രിയയായിരുന്നു. മറ്റാളുകളെക്കുറിച്ച് കൊലപാതകത്തിന്റെ കാരണങ്ങളായി പറയുന്നത്, അവർ ഒരു കാലത്ത് നബിﷺതിരുമേനിയെ ഉപദ്രവിച്ചിരുന്നുവെന്നാണ്. ഇതൊക്കെ ഇബ്നു ഇസ്ഹാഖിൽ മാത്രം ചെന്നെത്തുന്ന നിവേദനങ്ങളാണ്. അതായത് അടിസ്ഥാന ഹദീഥുനിയമമനുസരിച്ച് ആ നിവേദനം ശൃംഖല അറ്റതാണ്. അത് വിശ്വസനീയമല്ല. ഈ വിഷയത്തിൽ അവതരിപ്പിക്കാൻ കഴിയുന്ന ഏറ്റവും വിശ്വസനീയമായ നിവേദനം അബൂദാവൂദിന്റെ നിവേദനമാണ്. അതിൽ ഇപ്രകാരമുണ്ട്: നബിﷺതിരുമേനി മക്കാവിജയ ദിവസം പറഞ്ഞു, നാലു പേർക്ക് എവിടെയും അഭയം നല്കാൻ പാടില്ല. അബൂദാവൂദ് ഈ ഹദീഥ് ഉദ്ധരിച്ചശേഷം രേഖപ്പെടുത്തിയിരിക്കുന്നു: ഈ നിവേദനത്തിന്റെ പരമ്പര എനിക്ക് വേണ്ടത്ര ലഭിച്ചില്ല. അബൂദാവൂദിന്റെ ഈ നിവേദനങ്ങളെക്കുറിച്ച് മറ്റുഗ്രന്ഥങ്ങളിലും അത് ദുർബലമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്‌ലാമിന്റെ എതിരാളികളുടെ നേതാക്കളായിരുന്ന ചില ഖുറയ്ശി പ്രമുഖർ നബിﷺതിരുമേനിയുടെ വരവിനെക്കുറിച്ച് കേട്ട് മക്കയിൽനിന്ന് ഓടിപ്പോയി എന്നതിൽ സംശയമില്ല. എന്നാൽ, കൊലപാതകത്തിന്റെ ഉത്തരവ് നല്കിയത് കാരണമാണ് അവർ ഓടിപ്പോയതെന്നത് ഇബ്നു ഇസ്ഹാഖിന്റെ വെറും ഊഹമാണ്. *(സീറത്തുന്നബിﷺശിബ് ലീ, വാള്യം 1, പേജ് 350–351, മക്തബ ഇസ്‌ലാമിയ്യ)*

ചുരുക്കത്തിൽ, മക്കാവിജയ സമയത്ത് ഏതാനും ചിലരെ മാത്രം കൊല്ലാൻ തീരുമാനിച്ചിരുന്നു. അവർ ആരൊക്കെയായിരുന്നു എന്ന് നീതിമാനായവിധികർത്താവ് ഹദ്റത്ത് മസീഹ് മൗഊദ്ؑപറഞ്ഞിട്ടുണ്ട്: "തീർച്ചയായും, ശിക്ഷ നല്കാൻ ദൈവത്തിൽനിന്ന് വ്യക്തമായ കൽപ്പന ലഭിച്ച ഏതാനും പേർക്ക് മാത്രമാണ് ശിക്ഷ നല്കപ്പെട്ടത്. അതായത്, അവർ മൂന്നോ നാലോ പേരായിരുന്നു, ആ ആജന്മശപ്തരൊഴികെ എല്ലാ ശത്രുക്കളുടെയും തെറ്റുകുറ്റങ്ങൾ മാപ്പാക്കപ്പെട്ടു." *(ബറാഹീനെ അഹ്മദിയ്യ ഭാഗം 3, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 287, അടിക്കുറിപ്പ് ബാക്കി നമ്പർ 11)*

ഇതാണ് അതിന്റെ യാഥാർഥ്യം. അതുകൊണ്ട്, ഇത്രയും ആളുകളെ കൊലപ്പെടുത്തി എന്ന് പറയുന്നത്, അവർ അധിക്ഷേപകരായിരുന്നു അല്ലെങ്കിൽ പ്രവാചകനിന്ദക്കാരായിരുന്നു എന്ന് പറയുന്നത്, ഇതെല്ലാം തെറ്റായ കാര്യങ്ങളാണ്. ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കാം.

ലോകത്തിന്റെ നിലവിലെ അവസ്ഥ നിങ്ങൾക്ക് വ്യക്തമാണല്ലോ, അതിന് പ്രാർഥിച്ചുകൊണ്ടിരിക്കുക. ഇതിനുമുമ്പേ ഞാൻ പലതവണ പറഞ്ഞിട്ടുണ്ട്. പറഞ്ഞുകൊണ്ടിരിക്കുന്നുമുണ്ട്. അടിയന്തര സാഹചര്യങ്ങൾക്കായി ഞാൻ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു. മുമ്പേയും പലതവണ പറഞ്ഞിട്ടുണ്ട്, അടിയന്തര സാഹചര്യങ്ങൾക്കായി ജനങ്ങൾ കുറച്ച് മാസത്തേക്കുള്ള റേഷൻ വീടുകളിൽ സൂക്ഷിക്കേണ്ടതാണ്. അതിന് കഴിവുള്ളവർ അങ്ങനെ ചെയ്യണം. ഇപ്പോൾ ചില സർക്കാരുകളും തങ്ങളുടെ ആളുകളോട് മൂന്നുമാസത്തെ റേഷൻ സൂക്ഷിക്കാൻ പറഞ്ഞിട്ടുണ്ട്. എന്തായാലും അല്ലാഹു ലോകത്തിന് കാരുണ്യം ചൊരിയുകയും യുദ്ധത്തിന്റെ ഭയാനകമായ അവസ്ഥകളിൽനിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

ചില പരേതാത്മക്കളെക്കുറിച്ച് ഞാൻ സ്മരിക്കുകയാണ്. നമസ്കാരശേഷം അവരുടെ ജനാസ നമസ്കരിക്കുന്നതുമാണ്.

ആദ്യത്തെ അനുസ്മരണം അമത്തുന്നസീർ നിഗ്ഹത്ത് സാഹിബയെ കുറിച്ചാണ്. രാജാ അബ്ദുൽ മാലിക് സാഹിബിന്റെ ഭാര്യയാണ്. കഴിഞ്ഞ ദിവസം വഫാത്തായി. 70 വയസ്സായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേത മൂസിയ ആയിരുന്നു. ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് ؓന്റെ പൗത്രിയായിരുന്നു. ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബؓയുടെ ദൗഹിത്രിയായിരുന്നു. കേണൽ മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ മകളായിരുന്നു. അവർ അമേരിക്കയിലും കുറച്ചുകാലം താമസിച്ചിട്ടുണ്ട്. അവിടെ ഏകദേശം പത്തുവർഷത്തോളം ലജ്നയുടെ സെക്രട്ടറിമാർ എന്ന നിലയിലും സെക്രട്ടറി ളിയാഫത്ത് എന്ന നിലയിലും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. അവരുടെ മകൾ ആമിന പറയുന്നു: സ്വദഖ നല്കുന്നതിൽ അവർ വളരെ കൃത്യനിഷ്ഠയുള്ളവരായിരുന്നു, രഹസ്യമായാണ് അതു നല്കിയിരുന്നത്. കുറച്ചുനാൾ കൂടുമ്പോൾ സ്വദഖ എന്ന നിലയിൽ പാവപ്പെട്ടവർക്കിടയിൽ അവർ ഭക്ഷണവും മറ്റും വിതരണം ചെയ്തിരുന്നു. സാമ്പത്തിക സഹായവും ചെയ്യാറുണ്ടായിരുന്നു. പാവപ്പെട്ടവർക്ക് വീടും നിർമിച്ചു കൊടുത്തിരുന്നു.

അവർ പറയുന്നു: ഒരു രാത്രി തന്റെ വളകൾ ഊരി തന്റെ മാതാവിന്റെ അനുജത്തിക്ക് നൽകുന്നത് അവർ സ്വപ്നത്തിൽ കണ്ടു. അവർ ഉടൻതന്നെ സ്വർണ്ണ വളകൾ അവർക്ക് നല്കി. വളരെ അതിഥി സൽകാരപ്രിയയായിരുന്നു. അർഹരായവർക്ക് വലിയ സഹായങ്ങൾ ചെയ്യാറുണ്ടായിരുന്നു. അവർക്ക് വലിയ സഹാനുഭൂതിയായിരുന്നു. അവർ പറയുന്നു: 'നർമ്മ സ്വഭാവക്കാരിയായിരുന്നതുകൊണ്ട് ആളുകൾക്ക് അതറിയുമായിരുന്നില്ല. പക്ഷേ, ഞാൻ കണ്ടിട്ടുണ്ട്, അവർ രാത്രികളിൽ വളരെ തീവ്രമായി പ്രാർഥിക്കാറുണ്ടായിരുന്നു. ഞങ്ങളുടെ വീടിന്റെ തറപോലും ഇളകുന്നതുപോലെ തോന്നുമായിരുന്നു. അതിഥി സൽക്കാരം അവരുടെ പ്രത്യേക ഗുണമായിരുന്നു. ദൈവസ്മരണയുടെ രീതി ഞങ്ങൾ ഉമ്മയിൽനിന്നാണ് പഠിച്ചത്. അവർ എല്ലാ സമയത്തും സ്വലാത്ത് ചൊല്ലിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ കവിതകളിലെ വരികൾ ചൊല്ലിക്കൊണ്ടിരുന്നു. ഞങ്ങളത് എത്ര തവണ കേട്ടുവെന്നുവച്ചാൽ ഞങ്ങൾക്ക് മനഃപാഠമായി.

അയൽവാസികളോടും ബന്ധുക്കളോടും വളരെ നല്ല രീതിയിൽ പെരുമാറിയിരുന്നുവെന്ന് അവരുടെ മകൾ ആഇശ എഴുതിയിരിക്കുന്നു. അവരുടെ മരുമകൻ എഴുതുന്നു: രഹസ്യമായി അവർ ഇപ്രകാരം സഹായം ചെയ്യുമായിരുന്നു, അല്ലാഹു ചിലപ്പോൾ ഏതെങ്കിലും സഹായത്തിന് ആവശ്യമുള്ള ആളെക്കുറിച്ച് അവർക്ക് വിവരം നല്കുമായിരുന്നു. ഇന്ന വ്യക്തിയുടെ കുട്ടിയുടെ കല്യാണമാണ്, അവനെ സഹായിക്കുക. അപ്പോൾ ഉടൻതന്നെ അവർ ഒരു ലക്ഷം രൂപ അയച്ചു കൊടുത്ത സംഭവവുമുണ്ടായിട്ടുണ്ട്..അല്ലാഹു അവരോടു മഗ്ഫിറത്തോടും മർഹമത്തോടുംകൂടി പെരുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ഹാജി യഅ്ഖൂബ് അഹ്മദ് ബിൻ അബൂബക്ർ സാഹിബിന്റേതാണ്. ഇദ്ദേഹം അഹ്മദിയ്യ സീനിയർ സ്കൂളിലെയും സീനിയർ ഹൈസ്കൂളിലെയും മുൻ ഹെഡ്മാസ്റ്ററാണ്. കൂടാതെ ഘാനയിലെ നാഷണൽ സെക്രട്ടറി തബ്‌ലീഗുമായിരുന്നു. ഒരു അപകടത്തിൽ അറുപത്തിമൂന്നാം വയസ്സിൽ അദ്ദേഹം കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* മർഹൂം മൂസി യായിരുന്നു. ഘാനയിലെ മൻകസ്സിം എന്ന സ്ഥലത്തു പോകുമ്പോൾ ഒരു ട്രോളറുമായി അദ്ദേഹത്തിന്റെ വാഹനം കൂട്ടിയിടിച്ച് തലയ്ക്ക് പരിക്കേറ്റു. അതുമൂലം അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. രണ്ടുഭാര്യമാരും നാലു കുട്ടികളും മാതാവും ഒരു സഹോദരിയും ഒരു സഹോദരനുമുണ്ട്. ഇവരൊക്കെയാണ് അദ്ദേഹത്തിന്റെ സന്തപ്തകുടുംബം.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അഹ്മദിയ്യ മിഷണറി ട്രെയിനിംഗ് കോളേജിൽ പ്രവേശനം നേടുകയും അവിടെനിന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിന്റെ സേവനത്തിന് വിവിധ സ്ഥലങ്ങളിൽ നിയോഗിക്കപ്പെടുകയും ചെയ്തു. പിന്നീട് ജമാഅത്ത് വകയായി അദ്ദേഹം ഘാന യൂണിവേഴ്സിറ്റിയിൽ ചേരുകയും അവിടെനിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദം നേടുകയും ചെയ്തു. ബിരുദം നേടിയശേഷം അദ്ദേഹത്തിന് സർക്കാർ സർവീസിൽ ജോലി വാഗ്ദാനം ലഭിച്ചെങ്കിലും അദ്ദേഹം അത് നിരസിച്ചു. കാരണം, അദ്ദേഹം ഒരു വാഖിഫെ സിന്ദഗി (ജീവിതം അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിച്ചയാൾ) ആയിരുന്നു. കൂടാതെ വഖ്ഫിന്റെ ആത്മാവോടെയാണ് അദ്ദേഹം എപ്പോഴും പ്രവർത്തിച്ചിരുന്നത്. സർക്കാർ സഹായം ലഭിച്ചിരുന്ന ജമാഅത്ത് സ്കൂളായിരുന്നു അത്. പിന്നീട് പഠനം പൂർത്തിയാക്കി അവിടെ ഹെഡ്മാസ്റ്ററായി. സവാഗയിലെയും കുമാസിയിലെയും അഹ്മദിയ്യ സ്കൂളുകളിൽ അദ്ദേഹം ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചിരുന്നു. അവിടുത്തെ ജനങ്ങളും ഭരണകൂടവും സർക്കാർ ഉദ്യോഗസ്ഥരും വിദ്യാർഥികളും എപ്പോഴും അദ്ദേഹത്തെ ഓർക്കുന്നു.

ഞാൻ പറഞ്ഞതുപോലെ, അദ്ദേഹം നാഷണൽ സെക്രട്ടറി തബ്‌ലീഗ് ആയിരുന്നു, അൻസ്വാറുല്ലായിൽ ഖാഇദ് തർബിയ്യത്തായി സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചു. അദ്ദേഹം ഒരു പണ്ഡിതനായിരുന്നു, വിദ്യാഭ്യാസ വകുപ്പിലെ ചില പ്രധാന കമ്മിറ്റികളിൽ അംഗമാകാൻ അദ്ദേഹത്തിന് സൗഭാഗ്യം ലഭിച്ചു. ഘാനയിലെ CHASS (Conference of Heads of Assisted Secondary Schools) ന്റെ പ്രസിഡന്റായിരുന്നു, കൂടാതെ KNUST (Kwame Nkrumah University of Science and Technology) ന്റെ കൗൺസിൽ അംഗവും DTEC (Ghana Tertiary Education Commission) ന്റെ ബോർഡ് അംഗവും WAEC (West African Examinations Council) ന്റെ ബോർഡ് അംഗവും ACP (African Confederation of Principals) ന്റെ ജനറൽ സെക്രട്ടറിയുമായിരുന്നു.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ സൗത്താഫ്രിക്കയിലെ അന്നത്തെ പ്രിൻസിപ്പാൾ അസോസിയേഷൻ അതിയായ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹം വലിയ തത്ത്വബോധമുള്ള വ്യക്തിയായിരുന്നുവെന്നും അദ്ദേഹത്തിന്റെ നേതൃത്വം വളരെ ഉന്നതമായിരുന്നുവെന്നും എഴുതുകയും ചെയ്തു.

അദ്ദേഹം എപ്പോഴും പറയുമായിരുന്നു: എന്റെ വിജയങ്ങളുടെ കേന്ദ്രം ദീനുമായുള്ള എന്റെ ബന്ധവും അഹ്മദിയ്യ ഖിലാഫത്തുമായുള്ള എന്റെ ബന്ധവുമാണ്. ഒരു സ്നേഹനിധിയായ ഭർത്താവും പിതാവും കുടുംബത്തിന് വിശ്വാസത്തിന്റെയും അച്ചടക്കത്തിന്റെയും വാത്സല്യത്തിന്റെയും പ്രതീകവുമായിരുന്നു. റമളാനിൽ പലതവണ ഖുർആൻ പൂർണമായി ഓതിത്തീർക്കുമായിരുന്നു. വീട്ടുകാരെ എപ്പോഴും ആരാധനയിലേക്ക് ശ്രദ്ധ തിരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ നേതൃത്വഗുണം ഉണ്ടായിരുന്നു. നല്ല നേതൃത്വപരമായ കഴിവുണ്ടായിരുന്നു, എന്നാൽ, അതോടൊപ്പം വിനയവുമുണ്ടായിരുന്നു. കൂടാതെ വളരെ സത്യസന്ധതയോടെ സേവനം ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. അതിനു ശേഷമാണ് അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്. അദ്ദേഹത്തിന്റെ സഹോദരൻ അബൂബക്ർ സയീദ് എഴുതുന്നു: പിന്നീട് അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ സാൾട്ട് പോണ്ടിലെ മിഷണറി ട്രെയിനിംഗ് കോളേജിൽ ചേർത്തു. അവിടെനിന്ന് അദ്ദേഹം വിദ്യാഭ്യാസം നേടി. പിന്നീട് ലോക്കൽ മിഷണറിയായി. തുടർന്ന് പടിപടിയായി പുരോഗമിച്ച് അദ്ദേഹം തന്റെ മേഖലയിൽ ജമാഅത്തിന്റെയും ഗവൺമെന്റിന്റെയും കാര്യങ്ങളിൽ നല്ലൊരു സ്ഥാനം നേടി.

ഘാനയിൽ താമസിക്കുമ്പോൾ അദ്ദേഹവുമായി എനിക്ക് വളരെ അടുത്ത ബന്ധമുണ്ടായിരുന്നു, വലിയ സൗഹൃദബന്ധമായിരുന്നു, വലിയ സ്നേഹബന്ധമായിരുന്നു. പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം, അതായത് വിശ്വാസ്യത ആവശ്യമുള്ള കാര്യങ്ങൾ, ഞാൻ അദ്ദേഹത്തെക്കൊണ്ട് ചെയ്യിക്കുമായിരുന്നു. അദ്ദേഹം വളരെ വിശ്വസ്തനായ വ്യക്തിത്വമായിരുന്നു. ഖിലാഫത്തിനുശേഷം അദ്ദേഹത്തിന് എന്നോടുണ്ടായിരുന്ന ബന്ധം ഉന്നതമായ ആത്മാർഥതയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നതായിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും വലിയ പ്രതിബദ്ധതയുള്ള വ്യക്തിത്വമായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ മാതാവ് പറയുന്നു: എന്റെ വലിയ അനുസരണയുള്ള മകനായിരുന്നു അവൻ. കുട്ടിക്കാലം മുതൽ എന്നെ എപ്പോഴും ശ്രദ്ധിച്ചിരുന്നു. അവൻ ഹജ്ജ് ചെയ്യാനുദ്ദേശിച്ചു, എന്നാൽ, അതിനുമുമ്പേ പറഞ്ഞു, നിങ്ങൾ ഹജ്ജ് ചെയ്യുക. അങ്ങനെ മാതാവിനെ ആദ്യം ഹജ്ജ് ചെയ്യിച്ചു, പിന്നീട് അദ്ദേഹം ഹജ്ജിനുപോയി. അവർ പറയുന്നു, അവനെന്നെ ഒരിക്കലും തനിച്ചാക്കിയില്ല, എപ്പോഴും ഒപ്പം നിറുത്തി.

ഭാര്യ പറയുന്നു: സ്നേഹവും ഉത്തരവാദിത്തവുമുള്ള ഭർത്താവായിരുന്നു അദ്ദേഹം. കുട്ടികൾക്ക് വാത്സല്യമുള്ള പിതാവായിരുന്നു, എപ്പോഴും ജമാഅത്തിനുവേണ്ടി ത്യാഗങ്ങൾ അർപ്പിക്കണമെന്ന് ഉപദേശിക്കുമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ എഴുതുന്നു: ഞങ്ങളുടെ പിതാവ് ഞങ്ങളുടെ ഈമാനെയും അഹ്മദിയത്തിനെയും ശക്തമായ അടിത്തറയിൽ സ്ഥാപിച്ചു. മതത്തോടുള്ള പ്രതിബദ്ധതയുടെ പ്രാധാന്യം അദ്ദേഹം ഞങ്ങളെ പഠിപ്പിച്ചു. ഓരോ ചുവടിലും ഞങ്ങൾക്ക് മാർഗനിർദേശം നല്കി. അവരുടെ ഈമാൻ ഞങ്ങളുടെ മുഴുവൻ കുടുംബത്തിനും വഴികാട്ടിയാണെന്ന് അവർ പറയുന്നു. ഫജ്ർ നമസ്കാരത്തിനും തഹജ്ജുദിനും അദ്ദേഹം ഞങ്ങളെ ഉണർത്താറുണ്ടായിരുന്നു, റമളാനിൽ ഇതിന് പ്രത്യേക ശ്രദ്ധ നല്കിയിരുന്നു. എല്ലാ തിങ്കൾ, വ്യാഴം ദിവസങ്ങളിലും നോമ്പ് നോക്കിയിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം വളരെ വിനയം നിറഞ്ഞതായിരുന്നുവെന്ന് അവർ പറയുന്നു. തന്റെ കീഴിലുള്ളവരോടും ബഹുമാനത്തോടെ പെരുമാറിയിരുന്നു. വലിയ സുസ്മേരവദനനായിരുന്നു. അദ്ദേഹത്തിന്റെ സഹോദരൻ സയീദ് ബിൻ അബൂബക്ർ പറയുന്നു: പിതാവിന്റെ വിയോഗത്തിനുശേഷം അദ്ദേഹം എന്റെ രക്ഷിതാവായി. ഒരു യഥാർഥ പിതാവിനെപ്പോലെ എന്നെ വളർത്തി, എന്റെ കാര്യങ്ങൾ ശ്രദ്ധിച്ചു, എന്നെ പരിശീലിപ്പിച്ചു. നമസ്കാരങ്ങളിലേക്ക്

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ

**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബവി(സ) •**

**'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'**

**(മുസ്‌ലിം. മിശ്ക്കത്ത് 3)**

ത്വാലിബെ ദുആ

**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

ശ്രദ്ധ ക്ഷണിക്കുകയും എന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും ചെയ്തു.

അല്ലാഹു തആലാ അദ്ദേഹത്തോടു പൊറുമയോടും കരുണയോടും കൂടി പെരുമാറുകയും അദ്ദേഹത്തിന്റെ മക്കളെയും അദ്ദേഹത്തെപ്പോലെ വിശ്വസ്തരും നന്മകളിൽ മുന്നിട്ട് നിൽക്കുന്നവരുമാക്കുകയും ചെയ്യട്ടെ.*(അൽഫള്‌ൽ ഇന്റർനാഷണൽ 2025 ആഗസ്റ്റ് 2 പേജ് 2-8)*

പേജ് 1 ൽ നിന്ന്

ഭാഷകളിലുണ്ടായിട്ടുള്ള ഇൽഹാം, അതില്ലെങ്കിൽ പ്രബോധനകർത്തവ്യത്തിൽ എന്തെങ്കിലും തടസമുണ്ടാകും എന്ന തരത്തിലുള്ളതല്ല. അതു കൂടുതൽ തുണയും അടയാളവും എന്ന നിലയ്ക്കുള്ളതാണ്.

ക്രിസ്ത്യാനികൾ പ്രത്യേകിച്ചും 'വെരി' ഈ ആയത്തുകൊണ്ട് നബിﷺ തിരുമേനിയുടെ വ്യക്തിത്വത്തിനുമേൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. വെരി സാഹിബ് പറയുന്നു:'ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് മുഹമ്മദ് റസൂൽﷺ അറബികൾക്കുമാത്രമുള്ള ആളായിരുന്നുവെന്നാണ്.' എന്നാൽ, അതിനോടൊപ്പം ഇങ്ങനേയും എഴുതുന്നു:'ഈ ആയത്തിൽനിന്ന് വിശുദ്ധ ഖുർആൻ തർജമ ചെയ്യുന്നത് അനുവദനീയമാണെന്ന് സ്ഥാപിതമാകുന്നു.' അദ്ദേഹത്തിന്റെ ഈ രണ്ടുകാര്യവും പരസ്പരവിരുദ്ധമാണ്. നബിﷺ തിരുമേനി അറബികൾക്കു മാത്രമായിരുന്നെങ്കിൽ തർജമയുടെ പ്രശ്നംതന്നെ ഉദിക്കുന്നില്ല. മറ്റു ജനതകളുമായി അതിന് ബന്ധംതന്നെ ഇല്ലെന്നു വരുമ്പോൾ തർജമ ചെയ്യേണ്ട ആവശ്യംതന്നെയില്ല. ഈ ആയത്തിൽനിന്ന് തർജമ ചെയ്യുന്നത് അനുവദനീയമാകുന്നുവെങ്കിൽ അവിടത്തെ നുബുവ്വത്ത് മറ്റു ജനങ്ങൾക്കുമുള്ളതാണെന്ന് മനസ്സിലാകുന്നു. ഈ ചോദ്യത്തിനുള്ള യഥാർഥ മറുപടി ഇതാണ്:ഈ ആയത്തിന് നബിﷺ തിരുമേനി അറബികൾക്ക് മാത്രമുള്ളതാണെന്ന അർഥം നല്കാനേ പറ്റുകയില്ല. കാരണം വിശുദ്ധ ഖുർആനിലെ മറ്റു സ്ഥലങ്ങളിൽനിന്ന് വ്യക്തമായും സ്ഥാപിതമാകുന്നത് അവിടന്ന് മുഴുലോകത്തിനുംവേണ്ടി നിയോഗിതനായെന്നാണ്.

ഈ ആയത്തിൽനിന്ന് അറബി ഭാഷ ഉമ്മുൽഅൽസിന(ഭാഷകളുടെ മാതാവ്) ആണെന്ന് സ്ഥാപിതമാകുന്നുണ്ട്. കാരണം അറേബ്യയിൽവന്ന ദൈവദൂതന് ഏല്പിച്ചിട്ടുള്ളത് മുഴുലോകത്തിന്റേയും പരിഷ്കരണമാണ്. അതുകൊണ്ട് അറബിയിൽ ഇറങ്ങുന്ന **വഹ്‌യിനെ** അഥവാ വെളിപാടിനെ മുഴുലോകത്തിനും സന്മാർഗത്തിനുള്ളതാണെന്ന് നിശ്ചയിക്കുന്നതുകൊണ്ട് അറബി ഭാഷ ഏതെങ്കിലുമൊക്കെ രീതിയിൽ മുഴുവൻ ഭാഷകളുടേയും മാതാവാണെന്ന കാര്യം സ്ഥാപിതമാകുന്നു. മറ്റു ഭാഷകൾ അതിന്റെ പെൺമക്കളെപ്പോലെയാണ്.

ഈ ആയത്തിൽ ആര്യസമാജക്കാരുടെ ആക്ഷേപത്തിനും ഖണ്ഡനമുണ്ട്. അവർ പറയുന്നതിങ്ങനെയാണ്: ദൈവവചനം എല്ലാവർക്കും സമമായിട്ടിരിക്കാൻ ആരും സംസാരിക്കാത്ത ഭാഷയിൽ വരേണ്ടതാണ്. എന്നാൽ, നബി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനും അവർ മനസ്സിലാക്കാനും ജനങ്ങൾ സംസാരിക്കുന്ന ഭാഷയിലാണ് വെളിപാട് ഉണ്ടാകേണ്ടതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ജനങ്ങൾക്ക് സംസാരിക്കാനും മനസ്സിലാക്കാനും സാധിക്കാത്ത ഭാഷയിൽ വെളിപാടു വരുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ആര്യസമാജക്കാരുടെ ഈ വിശ്വാസം ഇങ്ങനെ നോക്കുമ്പോഴും തെറ്റാണ്; വേദം ഇറങ്ങിയപ്പോൾ ആ നേരത്ത് ഋഷിമാർ അത് മനസ്സിലാക്കിയില്ലെങ്കിൽ അതിന്റെ ഇറക്കം നിഷ്ഫലമായിത്തീരുന്നു. ഇനി അവർക്ക് വേദം മനസ്സിലാക്കിക്കൊടുത്തിട്ടുണ്ടെങ്കിൽ അപ്പോൾപ്പിന്നെ സമാനത നിലനില്ക്കുന്നില്ല. അക്കാലത്ത് ജനങ്ങളുണ്ടാകുകയും അവർക്കും മനസ്സിലക്കി കൊടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ആസമയത്തുള്ള ആളുകൾക്ക് തുല്യമായി. എന്നാൽ, ആരാണോ പിന്നീട് ജനിച്ചത് അവർക്ക് തുല്യത എവിടെയാണുള്ളത്. ഇപ്പോഴാണെങ്കിൽ പണ്ഡിറ്റുമാരും വേദങ്ങളുടെ ഭാഷയിൽനിന്ന് അജ്ഞരായിക്കൊണ്ടിരിക്കുകയാണ്.

കാരണം ഇക്കാലത്തെ ദൈവനിയോഗിതൻ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ മേൽ അറബിക്കു പുറമെ ഉർദുവിലും ഇൽഹാം കൂടുതൽ ഉണ്ടായിട്ടുണ്ട്. ഈ ആയത്തിനെ മുന്നിൽവച്ചുകൊണ്ട് ഭാവിയിലെ ഹിന്ദുസ്താനിലെ ഭാഷ ഉർദുവായിരിക്കുമെന്നും മറ്റൊരു ഭാഷയ്ക്കും അതിനുമുന്നിൽ നില്ക്കാൻ കഴിയുകയില്ലെന്നും പറയാവുന്നതാണ്.

**ലിയുബയ്യിന ലഹും** എന്നതിനു ശേഷം **ലിയുളില്ലുല്ലാഹു** കൊണ്ടുവന്നതിൽ അല്ലാഹു സൂചിപ്പിച്ചിട്ടുള്ളത് മനസ്സിലാക്കുന്നതിനുള്ള മുഴുവൻ ഭൗതികപദാർഥങ്ങളുമില്ലെങ്കിൽ അല്ലാഹു വഴിപിഴച്ചവനെന്ന് നിശ്ചയിക്കുകയില്ലെന്നാണ്. ആദ്യം മനസ്സിലാക്കിക്കൊടുത്തു കഴിഞ്ഞതിനുശേഷമായിരിക്കും എപ്പോഴും ആക്ഷേപം നിലനില്ക്കുക. അതായത് 'തബയ്യിനു' എന്നതിനു ശേഷമെ വഴിപിഴച്ചുവെന്ന മതവിധി പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളു. ഇതിൽനിന്ന് മനസ്സിലാകുന്നത് ഏതൊരു ജനതയ്ക്കാണോ ഏതെങ്കിലും കാര്യത്തെ കുറിച്ച് ദൃഢജ്ഞാനമെത്താത്തത് അതുവരെ വിശ്വസിക്കാത്ത കാരണത്താൽ അവരെ ശിക്ഷിക്കാൻ സാധിക്കുകയില്ല. ഇതുസംബന്ധമായിത്തന്നെ 'ഗയ്ർമുബായിഈൻ'നമ്മുടെമേൽ ഉന്നയിക്കുന്ന, അതായത് ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ വാദം എത്തിയാലും ഇല്ലെങ്കിലും അങ്ങനെയുള്ള എല്ലാവരേയും നമ്മൾ ശിക്ഷാർഹരായി മനസ്സിലാക്കുന്നു എന്ന ആക്ഷേപവും അകറ്റാനാഗ്രഹിക്കുകയാണ്. വിശുദ്ധ ഖുർആനിൽ വ്യക്തമായ നിലയിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നത് 'തബയ്യീൻ' അഥവാ കാര്യങ്ങൾ വ്യക്തമായും പ്രകടമായതിനുശേഷമെ ശിക്ഷയുടെ മതവിധി പുറപ്പെടുവിക്കാൻ പാടുള്ളു എന്നാണ്.

**വഹുവൽ അസീസുൽ ഹക്കീം**. അവൻ പ്രതാപവാനാണ്. ശിക്ഷ നല്കാൻ അവന് അധികാരമുണ്ട്. പക്ഷേ, അഗാധജ്ഞനുമാകുന്നു. അതുകൊണ്ട് ശിക്ഷയ്ക്ക് കാരണമില്ലെങ്കിൽ കാരണമുണ്ടാകുന്നതുവരെ ശിക്ഷ നല്കുകയില്ല.' *(തഫ്സീറെ കബീർ വാള്യം 3, പേജ് 442-444, ഖാദിയാൻ 2010 പ്രസിദ്ധീകരണം)*

പേജ് 12 ൽ നിന്ന്

ദേശങ്ങൾ നല്കുകയും ചെയ്തു. ഓഫീസ് സംബന്ധമായ വിവിധ കാര്യങ്ങളിൽ മുഴുകി

### ഇന്തൊനേഷ്യൻ പ്രതിനിധികളുമായി കൂടിക്കാഴ്ച

സ്വീകരണ പരിപാടിക്കായി ഇന്തൊനേഷ്യയിൽനിന്നുവന്ന അനഹ്മദി അതിഥികളിൽ ഭൂരിപക്ഷംപേരും ഒരു ദിവസം കൂടുതൽ താമസിച്ചുകൊണ്ട് ഹുദൂറുമായി കൂടിക്കാഴ്ച നടത്തണമെന്ന വികാരം പ്രകടിപ്പിച്ചു. ഹുദൂർ അൻവർ ഇന്ന് രാവിലെ അവർക്ക് കൂടിക്കാഴ്ചക്ക് സമയം നല്കി.

രാവിലെ 10.35-ന് ഹുദൂർ അൻവർ മസ്ജിദ് ത്വാഹായിൽ കൂടിക്കാഴ്ചക്ക് ഉപവിഷ്ടരായി. 21 അനഹ്മദി സുഹൃത്തുക്കൾ ഇതിൽ പങ്കെടുത്തു.

ഹുദൂർ അൻവർ: അഹ്മദിയ്യാ ജമാഅത്ത് എന്താണെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. അതുകൊണ്ടാണ് നിങ്ങളിന്ന് ഇവിടെ വന്നത്............ലോകത്ത് ശാന്തിയും സമാധാനവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്നു. സമാധാന നിർഭരമായ സമൂഹം അവരാഗ്രഹിക്കുന്നു. നമ്മളെല്ലായിടത്തും ശാന്തി സന്ദേശം നല്കുന്നുണ്ട്. സമാധാന സംസ്ഥാപനത്തിനുവേണ്ടി ശ്രമിച്ചു വരുന്നുമുണ്ട്.

സമാധാനത്തെ സംബന്ധിച്ചുള്ള മറ്റൊരു ചോദ്യത്തിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി:

അമേരിക്കയിലെ ക്യാപിറ്റൽ ഹില്ലിൽ കോൺഗ്രസംഗങ്ങളേയും സെനറ്റർമാരേയും മറ്റു അധികാരികളേയും അഭിമുഖീകരിച്ചു നല്കിയ പ്രഭാഷണത്തിൽ ഞാൻ വിശദീകരിച്ചതാണ്. ലോകത്ത് സമാധാനം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നീതി നടപ്പിലാക്കുക. നിങ്ങളുടെ ദൃഷ്ടി രാഷ്ട്രങ്ങളുടെ എണ്ണയിലേക്കാണ് പതിയുന്നതെങ്കിൽ, ദേശീയ ഭൂസമ്പത്തിലേക്കാണ് നോട്ടമെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ സാധിക്കുകയില്ല.

മറ്റൊരു ചോദ്യത്തിന് ഹുദൂർ ഇങ്ങനെ മറുപടി നല്കി: ഞങ്ങൾ മുസ്‌ലിമീങ്ങളുടെ ഭാഗം തന്നെയാണ്. അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിലെതന്നെ ഒരു വിഭാഗമാണ്. സിറിയയിലെ നിലവിലുള്ള സാഹചര്യത്തെ കുറിച്ച് ഞാൻ രണ്ടുമൂ


• ഹദീഥുന്നബ്‌വിﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091



• ഹദീഥുന്നബ്‌വി(സ) •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638



• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ന്നാഴ്ച മുമ്പേ നല്കിയ ജുമുഅ ഖുത്ബയിൽ പറഞ്ഞിരുന്നു. ഇസ്‌ലാമിക രാജ്യങ്ങൾക്ക് സ്വന്തം കർത്തവ്യവും ഉത്തരവാദിത്വവും എങ്ങനെ നിർവഹിക്കാൻ സാധിക്കുമെന്ന് അവരുടെ ഭരണകൂടങ്ങൾക്ക് അതിൽ മനസ്സിലാക്കിക്കൊടുത്തിരുന്നു. സ്വന്തം കാര്യങ്ങളെങ്ങനെ മുന്നോട്ടു കൊണ്ടുപോകണമെന്നും നമ്മുടെ സ്വാധീനം ഏതു വിധത്തിൽ മറ്റുള്ളവരിലുണ്ടാക്കാൻ സാധിക്കുമെന്നും അതിൽ വിശദമാക്കിയിരുന്നു. വിശുദ്ധ ഖുർആനിന്റേയും തിരുസുന്നത്തിന്റേയും ഹദീഥിന്റേയും വെളിച്ചത്തിൽ വിവരിച്ചിരുന്നു. ശ്രദ്ധക്ഷണിക്കാനേ നമുക്ക് സാധിക്കുകയുള്ളൂ.

മുസ്‌ലിമീങ്ങളിലെ എല്ലാ നേതൃത്വത്തിനും ഈ സന്ദേശമെത്തിച്ചുകൊടുക്കാൻ ഞാൻ അഹ്മദികളോടു പറഞ്ഞിരുന്നു. വിശിഷ്യാ ഇസ്‌ലാമിക ഭരണകൂടങ്ങൾക്കും മറ്റുള്ളവർക്കും ഈ സന്ദേശമെത്തിച്ചു കൊടുക്കാൻ നിർദേശിച്ചിരുന്നു.

ഒരു യൂണിവേഴ്സിറ്റി പ്രൊഫസർ:ഞാൻ വെസ്റ്റ് ജാവയിൽനിന്നാണ് വരുന്നത്. ഇന്തൊനേഷ്യയിൽ വളരെയധികം പണ്ഡിതന്മാരും മിഷനുകളും അഹ്മദിയ്യാ ജമാഅത്തിനെതിൽ പ്രവർത്തിക്കുന്നവരാണ്.

ഹുദൂർ അൻവർ: ഇസ്‌ലാം എന്ന പദത്തിന്റെ അർഥംതന്നെ ശാന്തി, സമാധാനം എന്നാണ്. അതായത് സമാധാനത്തിന് വിരുദ്ധമായ ഒരു കാൽവെയ്പ്പും മുസ്‌ലിമീങ്ങളുടെ ഭാഗത്തുനിന്നുണ്ടാകരുത്. ഒരു അവകാശവുമില്ലാത്ത അതിക്രമവും അന്യായവും ചെയ്യുക, മറ്റുള്ളവരെ കൊല്ലുക തുടങ്ങിയ അധ്യാപനങ്ങൾ നല്കുക തുടങ്ങിയവയെല്ലാം ഇസ്‌ലാമിന് വിരുദ്ധമാണ്.

**ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹി** ഉച്ചരിക്കുന്നവരെ കാഫിറെന്ന് വിളിക്കരുതെന്ന് നബിﷺതിരുമേനി ശക്തമായി പറഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല ഒരവസരത്തിൽ നബിﷺ തിരുമേനി **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന് ഉച്ചരിക്കുന്നവരും മുസ്‌ലിമീങ്ങളാണെന്ന് പറഞ്ഞിരുന്നു. മാത്രമല്ല, നിങ്ങളോടു സലാം പറയുന്നവരെ നീ വിശ്വാസിയല്ലെന്ന് തിരിച്ചു പറയരുതെന്നും വിശുദ്ധ ഖുർആൻ അനുശാസിക്കുന്നു. വിശുദ്ധ ഖുർആനിന്റേയും തിരുസുന്നത്തിന്റേയും അധ്യാപനം ഇതാണ്. എന്നാൽ, ഈ എതിരാളികൾ സ്വന്തമായ മറ്റൊരു ദീൻതന്നെ ഉണ്ടാക്കിവെച്ചിരിക്കുകയാണ്.

കലിമചൊല്ലിയാളെ കൊലപ്പെടുത്തിയതിന് നബിﷺതിരുമേനി തന്റെ സ്വഹാബിയോട് അതികഠിനമായ നീരസ്സം പ്രകടിപ്പിച്ചിരുന്നു. കൊല്ലപ്പെട്ട നിഷേധി വാളിനെ പേടിച്ചാണ് കലിമ ചൊല്ലിയിരുന്നതെന്ന് ഒഴിവുവാക്ക് പറഞ്ഞ സ്വഹാബിയോട് നീ അവന്റെ ഹൃദയം കീറിമുറിച്ചുനോക്കി അവൻ ഭയത്താലാണോ ഹൃദയാത്മനയാണോ കലിമ ചൊല്ലിയതെന്ന് നോക്കിയിരുന്നോ എന്ന് നബിﷺതിരുമേനി ദ്വേഷത്തോടെ ചോദിക്കുകയും ചെയ്തു.

ഹൃദയവുമായ ബന്ധപ്പെട്ട കാര്യത്തെ സംബന്ധിച്ച് മതവിധി പുറപ്പെടുവിക്കുക എന്നത് മനുഷ്യന്റെ അവകാശത്തിൽപ്പെട്ടതല്ല.

ഓരോ വ്യക്തിക്കും മതപരമായ സ്വാതന്ത്ര്യത്തിന് അവകാശമുണ്ടെന്ന് ഇവിടെ ഉപവിഷ്ടരായിരിക്കുന്ന പണ്ഡിതരും പത്രപ്രവർത്തകരുമായ നിങ്ങൾക്കറിയാം. എന്നിട്ടും ജമാഅത്തിനോടു എന്തിന് വിരോധം വെച്ചു പുലർത്തുന്നുവെന്ന് ഇവരോട് നിങ്ങൾ ചോദിക്കുക. കലിമ ചൊല്ലുന്ന വ്യക്തിയെ മുസ്‌ലിം എന്ന് വിളിക്കണമെന്നും നിഷേധി എന്ന് പറയരുതെന്നും നബിﷺതിരുമേനി കൽപ്പിച്ചിട്ടുണ്ട്. സലാം പറയുന്നവരെ വിശ്വാസിയല്ലെന്ന് പറയരുതെന്ന് അല്ലാഹു പറയുന്നു. എന്നിട്ടും അഹ്മദിയ്യത്തിന്റെ വിരോധികളെന്തിന് ദൈവകൽപ്പന അവഗണിക്കുന്നു?

ഹുദൂർ പറഞ്ഞു: ഇപ്പോൾ സർക്കാരും രാഷ്ട്രീയ നേതാക്കന്മാരും മുല്ലാക്കളെ കൊണ്ട് പൊറുതി മുട്ടുകയാണ്. മുല്ലാക്കളുടെ കൈയിൽ പൊളിറ്റിക്കൽ ശക്തിയില്ല. ഒരു ചോദ്യന് മറുപടിയായ് ഹുദൂർ പറഞ്ഞു: നബിﷺതിരുമേനി നല്കിയ ഇസ്‌ലാം, അതുതന്നെയാണ് യഥാർഥ ഇസ്‌ലാം. വിശുദ്ധ ഖുർആൻ എല്ലായിടത്തും ഒന്നുതന്നെയാണ്. നബിﷺ തിരുമേനിയുടെ സിഹാഹുസിത്ത എന്നു പറയുന്ന 6 ഹദീഥുഗ്രന്ഥങ്ങൾ മുസ്തനദ് അഥവാ വിശ്വാസമർപിക്കുന്ന ഗ്രന്ഥങ്ങളാണ്. ഇസ്‌ലാം അഹ്മദിയ്യത്തിൽ വിഭിന്നമാണെന്ന് ഞങ്ങളൊരിക്കലും പറയുന്നില്ല. അതേ വിശുദ്ധഖുർആൻ വ്യാഖ്യാനിക്കുന്നതിൽ വ്യത്യാമുണ്ട്.

ഉദാഹരണത്തിന് ഈസായുടെ വഫാത്തിന് സംബന്ധിച്ചുള്ള ആയത്തുകൾ മറ്റു മുസ്‌ലിമീങ്ങൾ ഈ ആയത്തുകൾ വെച്ചുകൊണ്ട് ഈസാ ജീവിച്ചിരിക്കുന്നുവെന്നും ആകാശത്തുണ്ടെന്നും അദ്ദേഹത്തിന്റെ നേരത്ത് ഇറങ്ങിവരുമെന്നും വിശ്വസിക്കുന്നു.

ഞങ്ങൾ പറയുന്നു:വരുമെന്ന് നബിﷺതിരുമേനി പറഞ്ഞ സമയം കഴിഞ്ഞിരിക്കുന്നു. പക്ഷേ, അദ്ദേഹം ആകാശത്തുനിന്ന് വീണ്ടും വരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നയാൾ വന്നില്ല. ഈ ആയത്തിന്റെ ഉദ്ദേശ്യം ഇതല്ലെന്നാണ് ഞങ്ങൾ പറയുന്നത്. മറ്റുള്ളവർ പറയുന്ന വ്യാഖ്യാനമല്ല ഇതിനുള്ളത്. ഹദ്റത്ത് ഈസാعليه السلامവഫാത്തായിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹം ഒരിക്കലും തിരിച്ചു വരികയില്ല. പ്രത്യുത അദ്ദേഹത്തിന് സദൃശനായിക്കൊണ്ട് മുഹമ്മദുﷺതിരുമേനിയുടെ ഉമ്മത്തിൽനിന്നുള്ള ഒരാളായിരിക്കും വരിക. വിശുദ്ധ ഖുർആനിൽ ഈ പുതിയതായി വരുന്ന ആളെക്കുറിച്ച് സൂറത്തു ജുമുഅയിൽ പറയുന്നു:**വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം.**

ഹദീഥിൽ വന്നിരിക്കുന്നു:നബിﷺ തിരുമേനിയിൽ സൂറ ജുമുഅ ഇറങ്ങിയപ്പോൾ അതിലെ വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം ഓതിയപ്പോൾ ഒരു സ്വഹാബി ചോദിച്ചു, യാ റസൂലല്ലാഹ്! സ്വഹാബിമാരുടെ ദർജ ഉൾക്കൊള്ളുകയും എന്നാൽ, ഇതുവരെ അവരുമായി ചേർന്നിട്ടില്ലാത്തതുമായ അക്കൂട്ടർ ആരാണ്? നബിﷺതിരുമേനി ഹദ്റത്ത് സൽമാനുൽഫാരിസിയുടെ തോളിൽ തന്റെ കൈവെച്ചുകൊണ്ട് പറഞ്ഞു:ഈമാൻ ഥുറയ്യ അഥവാ കാർത്തിക നക്ഷത്രത്തോളമെത്തിയാൽത്തന്നെയും അതായത് ഭൂമിയിൽനിന്നുയർന്നു പോയാലും ഇവരിൽപ്പെട്ട ചിലർ അതു തിരിച്ചുകൊണ്ടുവരുന്നതായിരിക്കും.

ഹദൂർ അൻവർ പറഞ്ഞു:ഹദ്റത്ത് സൽമാനുൽ ഫാരിസിയുടെ തോളത്ത് നബിﷺതിരുമേനി കൈവെച്ചതിന്റ ഉദ്ദേശ്യം ആ വരുന്ന വ്യക്തി അറേബ്യാക്കാരനായിരിക്കുകയില്ലെന്നാണ്. ആരാണോ വരുന്നത് അദ്ദേഹം നബിﷺതിരുമ്മേനിയുടെ ഉമ്മത്തിൽപ്പെട്ട ആളായിരിക്കുമെന്നാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:വിശുദ്ധ ഖുർആൻ പറയുന്നു, **കുല്ലു നഫ്സിൻ ദാഇക്കത്തുൽ മൗത്ത്** എല്ലാ ഓരോ വ്യക്തിയും മരണം രുചിക്കേണ്ടതുണ്ട്. എല്ലാവരും മരിക്കേണ്ടവരാണ്. അതിനാൽ ഹദ്റത്ത് ഈസാعليه السلامയും വഫാത്തായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇനി പഴയ നബി വരികയില്ല. വരാൻ കഴിയുകയുമില്ല. അപ്പോൾ ആരാണോ വരേണ്ടത് അദ്ദേഹം പുതിയ ആളുതന്നെയായിരിക്കും. നബിﷺതിരുമേനിയുടെ ഉമ്മത്തിൽപ്പെട്ടയാളായിരിക്കും. കാരണം അദ്ദേഹം ശരീഅത്തുകൊണ്ടുവരുന്ന നബിയല്ല. പ്രത്യുത ശരീഅത്തില്ലാത്ത നബിയായിരിക്കും. കാരണം നബിﷺ തിരുമേനി ഖാത്തമുന്നബിയ്യീനാണ്. അതുകൊണ്ട് പുതിയതായി വരുന്ന നബി ഒരു കാരണവശാലും നബിﷺ തിരുമേനിയുടെ നുബുവ്വത്തിന്റെ മുദ്ര തകർക്കുന്ന ആളായിരിക്കുകയില്ല.

ഹുദൂർ അൻവർ പറഞ്ഞു:അതുകൊണ്ട് ഞങ്ങൾ ഈ ആയത്തിനെ ഇങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്. മറ്റുള്ളവർ മറ്റേ വ്യാഖ്യാനമാണ് നല്കുന്നത്. അതായത് പഴയ നബി വരണമത്രെ! അതുകൊണ്ട് വ്യാഖ്യാനത്തിലുള്ള വ്യത്യാസം മാത്രമാണ്.

ഹുദൂർ അൻവർ പറഞ്ഞു, നിങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള വിശുദ്ധ ഖുർആൻ വായിക്കുക. മറ്റുള്ളവർ പ്രസിദ്ധീകരിച്ചിട്ടുള്ളതും വായിക്കുക. ഒരേയൊരു ഖുർആനാണ്. ഇപ്രകാരം തന്നെ ഹദീഥുകളും ഒന്നുതന്നെയാണ്. അവരുടെ തർജമകളും ഒന്നുതന്നെയാണ്. കേവലം അവരുടെ വ്യാഖ്യാനത്തിലാണ് വ്യത്യാസമുള്ളത്.

ഹുദൂർ അൻവർ പറഞ്ഞു:നിങ്ങൾ ഞങ്ങളൂടെ 5 വാള്യം കമന്ററി വായിക്കുക. നിങ്ങളെവിടെ എങ്കിലും വൈരുദ്ധ്യം കണ്ടാൽ അവിടെ അതിന്റെ വ്യാഖ്യാനമുണ്ടാകും.

ഹുദൂർ അൻവർ പറഞ്ഞു:കുട്ടികൾക്ക് സ്കൂളുകളിൽ നല്കപ്പെടുന്ന ദീനീപരവും ഇസ്‌ലാമികപരവുമായ വിദ്യാഭ്യാസം എങ്ങനെയുള്ളതാകണമെന്നാൽ, എല്ലാവർക്കും ഒന്നായിട്ടുള്ളതായിരിക്കണം. കക്ഷികളുടെ ആ അധ്യാപനത്തിൽ വ്യത്യാസങ്ങളൊന്നുമില്ല. ഉദാഹരണത്തിന് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. അത് തിലാവത്ത് ചെയ്യുക. അതിന്റെ തർജമകൾ വായിക്കുക. നബിﷺതിരുമേനിയുടെ ഹദീഥുകൾ വായിക്കുക. സ്വിഹാഹുസ്സിത്ത വിശ്വാസമർപിക്കുന്ന ഗ്രന്ഥങ്ങളാണ്. ഇപ്രകാരംതന്നെ ഇസ്‌ലാമിക ചരിത്രങ്ങൾ വായിക്കുക. വിവിധ കക്ഷികളുണ്ടെങ്കിലും ഇസ് ലാമിക ചരിത്രമെന്നു പറയുന്നത് ഒന്നുതന്നെയാണ്. അതിന് മാറ്റം വരികയില്ല. ശിയാക്കൾ മാത്രമാണ് ചരിത്രങ്ങളിൽ കുറച്ച് വ്യത്യസ്തമായി എഴുതുന്നു. (തുടരും)

ക്യൂആർ കോഡ്
സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ്
സന്ദർശിക്കൂ...
The Weekly BADR Qadian
(Malayalam)

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• അല്ലാഹുവിന്റെ കലാം •

എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80–81)




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail :badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 14 August 2025 Issue-33

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ സിംഗപ്പൂർ പര്യടനം

വിവർത്തനം:അമീൻ മുഹമ്മദു മാത്ര

**2013 സെപ്റ്റംബർ 27**
**വെള്ളിയാഴ്ച**
**ബദ്ർ വാള്യം 10 ലക്കം 32 പേജ് 11**
**കോളം 4 തുടർച്ച.....**

### കൂടിക്കാഴ്ചകൾ

തുടർന്ന് ഹുദൂർ ഓഫീസിലേക്കു മടങ്ങി. കൂടിക്കാഴ്ചകൾ നടന്നു. ഇന്നത്തെ ഈ സായാഹ്ന സെഷനിൽ മലേഷ്യ, സിംഗപ്പൂർ, മ്യാൻമർ, ബർമ, ഇന്ത്യ, ബംഗ്ലാദേശ്, ഡെന്മാർക്ക്, ദുബായി, തായ് ലാൻഡ്, ശ്രീലങ്ക, ഇന്തൊനേഷ്യ എന്നീ രാജ്യങ്ങളിൽനിന്നുവന്ന കുടുംബങ്ങളും വ്യക്തികളും ഇന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. 82 കുടുംബങ്ങളിൽനിന്നുള്ള 518 പേർ തങ്ങളുടെ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഓരോ കുടുംബത്തിനും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും കുഞ്ഞുങ്ങൾക്ക് ചോക്ലേറ്റും നല്കി.

ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ചകൾക്കുശേഷം അവരുടെ സന്തോഷം കാണേണ്ടതായിരുന്നു. പരസ്പരം ആലിംഗനം ചെയ്ത് അവർ സന്തോഷം പ്രകടിപ്പിച്ചു. കൂടിക്കാഴ്ചയുടെ അനുഭവം പങ്കുവെക്കുമ്പോൾ അവരുടെ കണ്ണുകൾ പലപ്പോഴും ഈറനണിഞ്ഞു. ഹുദൂർ നല്കിയ ഉപഹാരങ്ങൾ അവർ പരസ്പരം കാണിച്ചു. അവരുടെ മുഖം സന്തോഷത്താൽ പ്രസന്നമായിരുന്നു. ഈ ദിനം അവർക്ക് പെരുന്നാളിനെക്കാളും ഒട്ടും ചെറുതായിരുന്നില്ല. ഈ സന്തോഷങ്ങളും സൗഭാഗ്യങ്ങളും അല്ലാഹു എന്നെന്നും അവരിൽ നിലനിറുത്തുമാറാകട്ടെ. ധന്യമായ ഈ നിമിഷങ്ങൾ അവരുടെ ജീവിതത്തിന് മുതൽക്കൂട്ടാകട്ടെ. ആമീൻ.

08.45ന് ഈ കൂടിക്കാഴ്ചകൾ അവസാനിച്ചു.

### വാഖിഫാത്തെനൗ (പെൺകുട്ടികൾ) ഹുദൂറുമൊത്ത്

അതിനുശേഷം ഹുദൂർ ലജ്നാ ഹാളിൽ ഉപവിഷ്ടരായി. വാഖിഫാത്തെനൗ കുട്ടികളുടെ ക്ലാസിന് തുടക്കം കുറിച്ചു. മലേഷ്യയിൽനിന്നുവന്ന അസീസാ ഖുർറത്തുൽ ഐൻ ഹാനീദ് ബീ.ടീ.ഈയുടെ തിലാവത്തോടെ ക്ലാസ് ആരംഭിച്ചു. ഇംഗ്ലീഷ് തർജമ ഇന്തൊനേഷ്യക്കാരി അസീസ നുസ്റത്ത് ജഹാം സിദ്ദീഖാ പൊണ്ടോഹ് സമർപ്പിച്ചു.

അതു കഴിഞ്ഞ് ഇന്തൊനേഷ്യയിൽനിന്നുള്ള അസീസാ റസീദാ സഹാദത്ത് സ്വരമധുരിമയോടെ പദ്യം ചൊല്ലി. അസീസ അനീഖാ മശ്ഹൂദ് 'സിംഗപ്പൂർ ആൻഡ് ഇറ്റ്സ് മൾട്ടി കൾച്ചർ' എന്ന വിഷയത്തിൽ ലഘു പ്രസംഗം ചെയ്തു.

ഹുദൂർ അൻവർ: ഈ പരിപാടിയിൽ പ്രസംഗം കുറച്ചു നീണ്ടുപോയി.............സിംഗപ്പൂരിന്റെ ചരിത്രത്തെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കുക. അതിൽ വിവിധ പ്രദേശങ്ങളുടെ ഹൃദയസ്പൃക്കായ ചിത്രങ്ങളും വേണം. ഇവിടുത്തെ ആഘോഷങ്ങളും വിശേഷദിനങ്ങളും ഉൾക്കൊള്ളിക്കുക. ഇത് തയ്യാറാക്കി എം ടി എ ഇന്റർനാഷണലിന് അയച്ചുകൊടുക്കുക.

ഹുദൂർ അൻവർ വാഖിഫാത്തെനൗയിനോടു: വഖ്ഫെനൗ എന്നു പറയുന്നതെന്താണ്?..........ഇത് ഒരു കരാറാണ്. ഇത് നിങ്ങൾ നല്കിയ ഒരു വാഗ്ദാനമാണ്. നിങ്ങൾ നിങ്ങളെ ജമാഅത്തിന് സേവനം ചെയ്യുന്നതിനുവേണ്ടി സമർപ്പിച്ചിരിക്കുന്നു. ഇതു ഒരു ടൈറ്റിൽ മാത്രമല്ല.

വർഷത്തിൽ ചുരുങ്ങിയത് നാലോ അഞ്ചോ കത്ത് തീർച്ചയായും എനിക്കെഴുതുക........കൃത്യമായി കത്തെഴുതുന്നവർക്ക് എന്റെ ഒപ്പോടുകൂടിയുള്ള മറുപടി ഞാൻ അയക്കും.

നിങ്ങളെല്ലാവരും നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. അഞ്ചുനേര നമസ്കാരങ്ങളും കൃത്യമായി നിർവഹിക്കുക. ഹദ്റത്ത് മസീഹ് മൗഊദിന്റെﷺ ഗ്രന്ഥങ്ങൾ കൃത്യമായി വായിക്കുക.

ഇന്തൊനേഷ്യാ ജമാഅത്ത് എം ടി എയ്ക്കുവേണ്ടി പ്രോഗ്രാം തയ്യാറാക്കുന്നുണ്ട്. വഖ്ഫെ നൗ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രോഗ്രാമുകളും അധികമായി തയ്യാറാക്കുക.

### ചോദ്യോത്തര സദസ്സ്

തുടർന്ന് ഹുദൂർ ചോദ്യങ്ങൾ ചോദിക്കാൻ അനുവാദം നല്കി.

ഒരു വാഖിഫാത്തെനൗ: വാഖിഫീനെനൗ ആൺകുട്ടികളും പെൺകുട്ടികളും വലുതാകുകയും വിവാഹം കഴിക്കുകയും ചെയ്യുമ്പോൾ അവർക്കുണ്ടാകുന്ന കുട്ടികളേയും നിർബന്ധമായും വഖ്ഫു ചെയ്യേണ്ടതുണ്ടോ?

ഹുദൂർ അൻവർ: ഇത് നിർബന്ധമില്ല. അവർക്ക് തങ്ങളുടെ മക്കളെ വഖ്ഫെനൗ സ്കീമിൽ സമർപ്പിക്കുന്നതിന് ഒരു നിർബന്ധവുമില്ല.

ചോദ്യം:വാഖിഫെനൗ കുട്ടികളുടെ മാതാപിതാക്കൾ ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് പുറത്താക്കപ്പെട്ടാൽ അവരുടെ മക്കൾ വഖ്ഫെനൗ സ്കീമിൽനിന്ന് പുറത്തായതായി മനസ്സിലാക്കണോ?

തികച്ചും അപ്രകാരംതന്നെയാണ്. നല്ല മാതൃകകൾ സ്വയം സമർപ്പിക്കാൻ സാധിക്കാത്ത മാതാപിതാക്കൾക്ക് സ്വന്തം മക്കളെ എങ്ങനെ ഒരു നല്ല അഹ്മദി എന്ന നിലയിൽ ശിക്ഷണം നല്കി വളർത്താൻ സാധിക്കും? അവരുടെ മക്കളെങ്ങനെ നല്ലൊരു അന്തരീക്ഷത്തിൽ വളർന്നു വരും? മാതാപിതാക്കൾക്ക് മാപ്പ് ലഭിക്കുകയാണെങ്കിൽ അവരുടെ മക്കൾ രണ്ടാമത് വഖ്ഫിൽ വരാൻവേണ്ടി ഹുദൂറിന് എഴുതാവുന്നതാണ്. പിന്നീട് ഈ പദ്ധതിയിൽ അവരെ ഉൾപ്പെടുത്തണോ എന്ന് ഹുദൂർ തീരുമാനിക്കും.

ഒരു ചോദ്യം: വിവിധതരം 30 തൊഴിലിനെക്കുറിച്ച് ലിസ്റ്റിൽ പറയുന്നുണ്ട്. ഇവയിൽനിന്ന് വാഖിഫാത്തെനൗയിന് ഏറ്റവും ഉത്തമമായത് ഏതൊക്കെയാണ്?

ഹുദൂർ അൻവർ: ഇവിടെ ലിസ്റ്റില്ല. എന്നിരുന്നാലും പെൺകുട്ടികൾക്ക് കൂടുതൽ പ്രാമുഖ്യം കൊടുക്കുന്നത് ഡോക്ടറാകുക എന്നതാണ്. ഭാഷകളിൽ കൂടുതൽ പ്രാവീണ്യം നേടുക. ടീച്ചർ, ആർക്കിടെക്റ്റ്, ചരിത്രകാരൻ തുടങ്ങിയ ജോലികളും ചെയ്യാവുന്നതാണ്. അല്ലെങ്കിൽ ഗവേഷണത്തിലേക്ക് പോവുക.

ചോദ്യം:ഒരു വഖ്ഫെനൗ പെൺകുട്ടി വഖ്ഫെനൗ ആൺകുട്ടിയെതന്നെ വിവാഹം കഴിക്കണോ?

ഹുദൂർ അൻവർ: ഇത് നിർബന്ധമില്ല. എന്നാൽ, രഹസ്യമായൊരു വിവാഹവുമുണ്ടാകരുത്. വഖ്ഫെനൗ പെൺകുട്ടികൾക്ക് ഏതൊരു അഹ്മദീ യുവാവിനേയും വിവാഹം കഴിക്കാവുന്നതാണ്. എന്നാൽ, ആൺകുട്ടി നല്ല മാതൃക പുലർത്തുന്നവനായിരിക്കണം. വിവാഹത്തിനു ശേഷവും നിങ്ങൾ വഖ്ഫെനൗയിനെപോലെ സേവനം ചെയ്യണം.

ഒരു വഖ്ഫെ നൗ പെൺകുട്ടി:പഠനം പൂർത്തിയാക്കിയതിന്നുശേഷം ഞങ്ങൾക്ക് സിംഗപ്പൂരിൽ പ്രവർത്തിക്കാൻ സാധിക്കുമോ? ഹുദൂറിന്റെ നിർദ്ദേശത്തിനുവേണ്ടി കാത്തിരിക്കണോ?

ഹുദൂർ അൻവർ: പഠനം പൂർത്തിയാക്കിയതിനുശേഷം നിങ്ങൾ ഖലീഫത്തുൽ മസീഹിനെഴുതുക. ശേഷം മാർഗനിർദേശം ലഭിക്കുന്നതുവരെ കാത്തിരിക്കുക. പഠനത്തിന്നിടയിലും നിങ്ങൾക്ക് സ്വന്തം താൽപര്യങ്ങൾ ഖലീഫത്തുൽമസീഹിന് എഴുതാവുന്നതാണ്.

ഒരു വഖ്ഫെനൗ:വഖ്ഫെനൗ സ്കീമിനു കീഴിൽ സ്വന്തം വഖ്ഫു തുടരാൻ എത്രാമത്തെ വയസ്സിലാണ് ഞങ്ങൾ തീരുമാനമെടുക്കേണ്ടത്.

ഹുദൂർ അൻവർ: പതിനഞ്ചാമത്തെ വയസ്സിലെത്തുമ്പോൾ നിങ്ങൾ സ്വന്തം വഖ്ഫു ഫാറം പൂരിപ്പിക്കുക. വഖ്ഫെനൗ സെക്രട്ടറി മുഖേന കേന്ദ്രത്തിൽ അയക്കുക. പഠനം പൂർത്തീകരിച്ചതിന്നു ശേഷം സ്വന്തം വഖ്ഫിനെ കുറിച്ചുള്ള കരാറെഴുതുക. കേന്ദ്രത്തെ ഇതു സംബന്ധമായുള്ള കാര്യങ്ങൾ അറിയിക്കുക.

ഒരു വഖ്ഫെനൗ: പഠനം പൂർത്തിയാക്കിയതിനുശേഷവും വഖ്ഫുഫാറം പൂർത്തിയാക്കിയതിനുശേഷവും ഞങ്ങൾക്ക് സിവിൽ സർവന്റായി ജോലി ചെയ്യാൻ സാധിക്കുമോ?

ഹുദൂർ അൻവർ: സ്വന്തം തീരുമാനമെടുക്കാൻ അനുവാദമില്ല. ഏതൊരു ജോലിയും ചെയ്യുന്നതിന്നുമുമ്പേ ഖലീഫത്തുൽമസീഹിൽനിന്ന് അനുവാദം വാങ്ങേണ്ടത് നിർബന്ധമാണ്. ഖലീഫത്തുൽമസീഹിന്റെ അനുവാദത്തിനുശേഷം മാത്രമേ മറ്റേതൊരു ജോലിയും ചെയ്യാൻ പാടുള്ളൂ.

വാഖിഫാത്തെനൗവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ചയും ക്ലാസും 09.45 വരെ നീണ്ടു നിന്നു. തുടർന്ന് മസ്ജിദ് ത്വാഹായിൽ മഗ്രിബ് ഇശാ ജംഅ് ജമാഅത്ത് നമസ്കാരങ്ങൾക്ക് ഹുദൂർ നേതൃത്വം നല്കി.

### 28 സെപ്റ്റംബർ 2013 ശനിയാഴ്ച

രാവിലെ 06.00 മണിക്ക് ഹുദൂർ അൻവർ മസ്ജിദ് ത്വാഹായിൽ ഫജ്ർ നമസ്കാരത്തിന് നേതൃത്വം നല്കി. ശേഷം താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ, രാവിലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലഭിച്ച കത്തുകൾ പരിശോധിക്കുകയും മാർഗനിർ

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin